TO LIVE IN JESUS · TO LEAD TO JESUS
EPARCHY OF KALYAN

Vol. 03 | Issue 01

YOUR WORD IS A LAMP TO MY FEET AND A LIGHT TO MY PATH

# THE LANTERN

OCTOBER 2014






CELEBRATING 10 YEARS OF EXCELLENCE
10
Associated Chit Fund
2004 www.acfplgroup.com 2014

# Keep Your Money Growing
# For A Growing Future!

Associated Chit Fund Pvt Ltd is a fast growing Micro Finance Company in Maharashtra started in the year 2004 by a group of Industrialists from different states with a vision to become a major service provider in the finance sector. The company helped to fulfill the dreams of more than 14000 subscribers and disbursed more than 5000 millions to its customers for their different financial needs. A government registered Chit Fund Company registered under Chit Fund Act 1982 and Companies Act 1956,"Associated" is the only ISO 9001:2008 certified company accredited by TUV India. The company is having its branches across 7 major cities in Maharashtra with a base of more than 17000 customers and with an annual auction turnover of 2000 millions.

## Why invest with us?

- Transparency through Registration
- Equal dividend
- Advance facility against paid-up chit value
- At- your-door service
- Hassle-free documentation
- Higher Returns

# ASSOCIATED CHIT FUND PVT. LTD.

(An ISO 9001:2008 Certified Government Registered Company)

**CORPORATE OFFICE** 137, Fusion Park, Morwadi, Ajmera Road, Pimpri, Pune - 18 **Mob No : 9372627221 Web : www.acfplgroup.com**

**BRANCHES AT : PIMPRI | NERUL | PUNE CITY | KOLHAPUR | CHAKAN | NASHIK | VASAI**

VOL. 03 I ISSUE 01 I OCTOBER, 2014
THE LANTERN







## മൺപാത്രത്തിലെ
# നിധി
### – വിശുദ്ധ കൂടാരത്തിലേക്ക്

## ചാവറ പിതാവ്:
## വിശുദ്ധനായ സാമൂഹിക പരിഷ്കർത്താവ്

## SAINT KURIAKOSE ELIAS CHAVARA
# A CHAMPION OF FAITH

EDITORIAL | HOLY QURBANA | KIDS CORNER | DIOCESAN NEWS | GODS OWN CHOICE

# വിശ്വാസത്താഴ്‌വര

രക്തസാക്ഷികളുടെ ചുടുനിണം വീണു കുതിർന്ന മണ്ണിൽ സഭ തഴച്ചു വളരുന്നു. സഭയിലെ ആദ്യരക്തസാക്ഷിയായ വിശുദ്ധ സ്റ്റീഫൻ മുതൽ തുടർന്നു വന്ന രക്തസാക്ഷി ചരിത്രം ഇന്ന് ഇറാഖിൽ സംഭവിക്കുന്നു.

ഗോതമ്പുമണി നിലത്തു വീണഴിഞ്ഞ് നൂറുമേനി ഫലം പുറപ്പെടുവിക്കുന്നതുപോലെ ഗാഗുൽത്തായിലേക്ക് കുരിശും പേറി വന്ന ഈശോയെ മനസ്സിൽ ധ്യാനിച്ചു ജീവിക്കുന്ന ക്രൈസ്തവ സമൂഹത്തിന്റെ അടിയുറച്ച വിശ്വാസം ഇന്നും കത്തി ജ്വലിക്കുന്നു. തീയിൽ കുരുത്തത് വെയിലത്ത് വാടുമോ. ക്രൈസ്തവർക്കെതിരെ ഇറാഖിൽ നടക്കുന്ന അതിക്രമങ്ങളിൽ രക്തസാക്ഷികളാകുന്ന ക്രൈസ്തവ ജനത വിശ്വാസത്തിനു വേണ്ടി ചങ്കൂറപ്പോടെ രക്തസാക്ഷിത്വം വഹിക്കാൻ തയ്യാറായപ്പോൾ അത് ഇന്ന് ലോകത്തിനു തന്നെ ഒരു സാക്ഷ്യമാണ്.

2000 വർഷങ്ങളായി ക്രൈസ്തവ വിശ്വാസം ജീവിച്ച് വരുന്ന കാൽഡിയൻ, അസീറിയൻ, അർമേനിയൻ സഭകളിലെ ക്രൈസ്തവർ ഇന്ന് ഇറാഖിലും സിറിയയിലും മുസ്ളിം മത തീവ്രവാദികളാൽ ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു.

2003 ൽ ഒരു മില്ല്യൺ ക്രൈസ്തവർ തിങ്ങിപ്പാർത്തിരുന്ന ഇറാഖിൽ ഇന്ന് അത് വെറും 4,50,000 ആയി കുറഞ്ഞിരിക്കുന്നു. 2003-ൽ 1,30,000 ക്രൈസ്തവർ അധിവസിച്ചിരുന്ന മൊസൂളിൽ ഇന്ന് അത് വെറും 10,000 ക്രൈസ്തവരായി. ഇന്നും നമ്മുടെ ക്രൈസ്തവസഹോദരർ ഈ മണ്ണിൽ രക്തസാക്ഷിത്വം വരിക്കുന്നു. 2010 മുതൽ ധാരാളം പുരോഹിതരും സന്യസ്തരും വിശ്വാസികളും ഇവിടെ നിന്നും പാലായനം ചെയ്യാൻ നിർബന്ധിക്കപ്പെടുന്നു. വിശ്വാസത്യാഗം ചെയ്യാതെ ഇവിടെ തുടരുന്നവർ വളരെ ധാരുണമായി വധിക്കപ്പെടുന്ന കാഴ്ചയാണ് ഇന്നും ഇറാഖിൽ കാണപ്പെടുന്നത്.

സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം ഇറാഖിൽ ആക്രമിക്കപ്പെടുന്ന പൗരസ്ത്യസഭാമക്കൾ വിശ്വാസത്തിനുവേണ്ടി ഉറച്ചു നിൽക്കുമ്പോൾ നമുക്കഭിമാനിക്കാം. കാരണം അപ്പസ്തോലനായ വിശുദ്ധ തോമാശ്ളീഹ തെളിച്ചു നൽകിയ വിശ്വാസദീപം ഒളിമങ്ങാതെ ലോകം മുഴുവൻ പ്രകാശിക്കുമാറ് തെളിഞ്ഞു നിൽക്കുന്നു. ഇറാഖിൽ നടക്കുന്ന രക്തസാക്ഷിത്വം നമ്മുടെ ക്രൈസ്തവമൂല്യങ്ങളെ ജ്വലിപ്പിക്കട്ടെ.

PATRON | Bishop Mar Thomas Elavanal
CHAIRMAN | Msgr. Jacob Porathur
CHIEF EDITOR | Fr. Sheen Chittatukara
ASSOCIATE EDITOR | Fr. Sinto Chalissery

EDITORIAL BOARD | Dr. Francis Eluvathingal | Dr. Emmanuel Kadankavil
Fr. Benny Thanninilkumthadathil | Fr. Liju Keetickal
Mrs. Rosily Thomas | Ms. Suja Johny
Mr. Biju Dominic | Dr. C.P. Johnson | Mr. Roy J. Kottaram
Mr. Babu Mathew | Mr. Joseph Chittilapilly

MARKETING MANAGERS | Fr. Lijo Mullonkal
Mr. Roy Philip
CIRCULATION MANAGER | Fr. Francis Komban
DESIGN & PAGE LAYOUT | Mr. Josemon Vazhayil

THE LANTERN | Diocese of Kalyan, Plot No. B/38, P.B. No. 8434, IIT P.O., Powai Mumbai, Maharashtra, India - 400076. Tel.(+91) (022) 2578 5515, 2578 2385
E-mail: kalyanbulletin@gmail.com • kalyanlantern@gmail.com | Website: www.dioceseofkalyan.org | Matrimonial website: www.godsownchoice.com



# മൺപാത്രത്തിലെ നിധി

## – വിശുദ്ധ കൂടാരത്തിലേക്ക്

**ഊടുവഴികളെല്ലാം രാജവീഥിയിലേയ്ക്ക് !
നീരൊഴുക്കുകളെല്ലാം ആഴക്കടലിലേയ്ക്ക്!**

ഇതാണല്ലോ പ്രകൃതി നിയമം. ഇതിനുതുല്യമായി ആത്മാവിനെസംബന്ധിച്ചിട്ടുമുണ്ട് ഒരു പ്രകൃത്യാതീത നിയമം. എല്ലാ വിശുദ്ധിയും പരിശുദ്ധിയുടെ പരിപൂർണ്ണതയായ ദൈവത്തിലേയ്ക്ക്. അതിനിഗൂഢവും ദിവ്യവുമായ ഒരു ഗുരുത്വാകർഷണശക്തി! തനിക്ക് ലഭിച്ച ജീവനും ജീവിതവും ജീവദാതാവായ ദൈവത്തിന് സമർപ്പിച്ച് മഹിമയുടെ കീരിടം നേടുന്നവരാണ് വിശുദ്ധാത്മാക്കൾ. രക്ഷയും രക്ഷകനുമായ ക്രിസ്തുവിൽ നിന്ന് പിതാവിന്റെ ഹിതം പഠിച്ചെടുക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക തലോടൽ ഏറ്റുവാങ്ങി സൃഷ്ടാവിൽ ജീവിതസാഫല്യം കണ്ടെത്തിയ പുണ്യകന്യക 'വാ. എവുപ്രാസ്യ'. കഠിനതപസ്സുകളിൽ മൂടിപ്പുതച്ച് നീങ്ങിയപ്പോഴും ദിവ്യരക്ഷകന്റെ പങ്കപാടുകളിൽ പങ്കു കിട്ടുന്നതോർത്ത് ആനന്ദിച്ച് അഭൗമകാന്തി ചുറ്റും പ്രസരിപ്പിച്ച കുഞ്ഞാടിന്റെ മണവാട്ടി. ആ ഒളിയാർന്ന ജീവിതത്തിന്റെ അന്തരംഗത്തിലേയ്ക്ക് ഇറങ്ങി നോക്കാം, വിശുദ്ധരാകാനുള്ള വെല്ലുവിളി സ്വീകരിച്ചു കൊണ്ട്.



# എവുപ്രാസ്യമ്മ ജീവിത രേഖ

| | |
|---|---|
| ജനനം: | 1877 ഒക്ടോബർ 17 |
| മാതാപിതാക്കൾ: | എലുവത്തിങ്കൽ ചേർപ്പുകാരൻ അന്തോണി കുഞ്ഞേത്തി |
| മാമ്മോദീസ: | 1877 ഒക്ടോബർ 25 |
| മാമ്മോദീസ പേര്: | റോസ |
| ശിരോവസ്ത്ര സ്വീകരണം: | 1897 മെയ് 10 |
| സഭാവസ്ത്ര സ്വീകരണം: | 1898 ജനുവരി 10 |
| നിത്യവ്രത വാഗ്ദാനം: | 1900 മെയ് 24 |
| നവസന്യാസിനികളുടെ ഗുരുനാഥ: | 1910 – 1913 |
| ഒല്ലൂർ മഠാധിപ: | 1913 – 1916 |
| മരണം: | 1952 ആഗസ്റ്റ് 29 |
| നാമകരണ പ്രാരംഭ നടപടികൾ: | 1986 സെപ്റ്റംബർ 27 |
| ദൈവദാസി പദവി: | 1987 ആഗസ്റ്റ് 29 |
| ധന്യ പദവി പ്രഖ്യാപനം: | 2002 ജൂലൈ 5 |
| രോഗശാന്തി അത്ഭുതം അംഗീകരിക്കൽ: | 2006 ജൂൺ 5 |
| വാഴ്ത്തപ്പെട്ടവൾ പ്രഖ്യാപനം: | 2006 ഡിസംബർ 3 |
| ആദ്യമദ്ധ്യസ്ഥ തിരുനാൾ: | 2007 ആഗസ്റ്റ് 29 |
| വിശുദ്ധ പദവി പ്രഖ്യാപനം: | 2014 നവംബർ 23 |

## സുകൃത സമ്പന്നമായ ബാല്യകാലം

ഇരിങ്ങാലക്കുട രൂപതയിലെ എടത്തുരുത്തി ഇടവകയിൽ എലുവത്തിങ്കൽ ചേർപ്പുക്കാരൻ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും സീമന്തപുത്രിയായി റോസ പിറക്കുന്നതോടെ വാ. എവുപ്രാസ്യമ്മയുടെ ബലിജീവിതം ആരംഭിച്ചു. പിതാവിന്റെ നിശ്ചയദാർഢ്യവും തന്റേടവും മാതാവിന്റെ ശാന്തശീലവും സൗമ്യതയും സഹനാഭിമുഖ്യവും ചെറുപ്രായത്തിൽ തന്നെ അവളിൽ പ്രകടമായിരുന്നു. തന്റെ സുകൃത പരിമളത്താൽ, ചെറുപ്പം മുതലേ കാട്ടൂർ ഗ്രാമത്തെ ശോഭായമാനമാക്കുവാൻ റോസയ്ക്ക് കഴിഞ്ഞു. സമ്പന്നതയിൽ മികച്ചു നിന്ന കുടുംബാന്തരീക്ഷം ആയിരുന്നുവെങ്കിലും സുഖസൗകര്യങ്ങൾക്കിടയിലും ത്യാഗപൂർണ്ണജീവിതം നയിക്കാൻ അവൾ പരിശീലിച്ചു. വിശുദ്ധിയിലേയ്ക്കുള്ള ഒരു ചായ്വ് അതിനുള്ള അടങ്ങാത്ത ദാഹം, കുഞ്ഞുനാളിലെ ആ ഇളം മനസിൽ മുളയെടുത്തു. ഒമ്പതാം വയസ്സിൽ തന്നെ, തന്റെ കന്യാത്വം ദൈവത്തിന് സമർപ്പിക്കാനുള്ള ആത്മധൈര്യവും കരുത്തും അവൾക്കുണ്ടായി. കൊച്ചു കൊച്ചു പ്രാർത്ഥനകളും സുകൃതജപങ്ങളും നിരന്തരം ചൊല്ലികൊണ്ട് സദാ ദൈവസാന്നിധ്യസ്മരണയിൽ കഴിയാൻ അവൾ പരിശീലിച്ചു. തന്റെ ജീവിതത്തിനുമുഴുവൻ അടിത്തറ പാകിയ ഏറ്റവും പ്രധാനപ്പെട്ട ആദ്യത്തെ 12 വർഷം, സ്വന്തം അമ്മയുടെ സ്നേഹശിക്ഷണത്തിൽ വിശുദ്ധിയുടെ പാതയിലൂടെ ദൈവസ്നേഹത്തിൽ വളരു വാൻ റോസയ്ക്ക് കഴിഞ്ഞു. തപസ്സിന്റെയും ത്യാഗ ത്തിന്റെയും മാഹാത്മ്യം ഏറെക്കുറെ അവൾ മന സ്സിലാക്കുകയും അതിന്റെ ബാലപാഠങ്ങൾ അഭ്യസി ക്കുകയും ചെയ്തത് ഈ കാലയളവിലാണ്.

## സർവ്വവും നാഥനായ്

'ദൈവികമായ സ്നേഹത്തെ, സൃഷ്ടിക്കപ്പെടാത്ത ദൈവത്തെ, മനുഷ്യാവതാരം ചെയ്ത ദൈവത്തെ, പീഡകൾ സഹിച്ച ദൈവത്തെ, ദൈവമക്കളിൽ ആരെങ്കിലും അറിയുകയോ രുചിച്ചറിയുകയോ ചെയ്താൽ, അവർ തങ്ങളെതന്നെ അവിടുത്തേക്ക് മുഴുവനായി സമർപ്പിക്കും'(V.C. 104). നമ്മൾ കൊടുക്കുവാൻ ശ്രമിക്കുമ്പോൾ, സ്വീകരിക്കുന്ന വൻ ആഗ്രഹിക്കുന്ന വിധത്തിൽ കൊടുക്കണം. ക്ലേശങ്ങളുടെ ഉരുക്കു മൂശയിലാണല്ലോ ഊതി തെളിഞ്ഞ തങ്കം പോലെ ആത്മാവ് പാകപ്പെടുന്നത് ഒരു ശക്തിക്കും പരിപ്പൂർണ്ണതയുടെ പാതയിൽ നിന്ന് അവളെ നീക്കി നിർത്താനായില്ല. ചെറുപ്പം മുതലേ പരീക്ഷണങ്ങൾ ഒന്നിനൊന്ന് നേരിടേണ്ടി വന്നു. ദീർഘിച്ച 8 വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നെങ്കിലും ഒടുവിൽ അവളുടെ സ്വപ്നം പൂവണിഞ്ഞു. 1897 മെയ് 10ന് സന്യാസനാ മധേയവും ശിരോവസ്ത്രവും **അഭിവന്ദ്യ മേനാച്ചേരി പിതാവിൽ** നിന്നും സ്വീകരിച്ചുകൊണ്ട്, റോസ ഈശോയുടെ തിരുഹൃദയത്തിന്റെ സി. എവുപ്രാസ്യയായി, വാ. ചാവറയച്ചൻ സ്ഥാപിച്ച കർമ്മല സന്യാസിനി സമൂഹത്തിലെ ഒരംഗമായി തീർന്നു. 1900 മെയ് 24 നിത്യവ്രത വാഗ്ദാനവും ചെയ്തു. പാപാന്ധകാരം നിറഞ്ഞ ലോകത്തിൽ ഒരു ഇത്തിരിവെട്ടമായി, ഒരു മിന്നാമിനുങ്ങായി ഊതിയൂതി പ്രകാശിക്കപ്പെടുന്ന തീക്കട്ടയായി മാറാൻ ഈ ധന്യകന്യകയ്ക്ക് കഴിഞ്ഞു.

## തിരുസഭയുടെ വീരപുത്രി

സന്യസ്തരുടെ തിരുസഭയോടുള്ള പുത്രി നിർവി ശേഷമായ സ്നേഹത്തിന്റെയും ആഭിമുഖ്യത്തി ന്റേയും സാക്ഷ്യം അവരുടെ ശ്ലൈഹികപ്രവർത്ത നത്തിന് ആധികാരികതയും, ശക്തിയുക്തതയും നല്കുമെന്ന് ജീവിതത്തിലൂടെ തെളിയിച്ച സന്ന്യാ സിനിയാണ് എവുപ്രാസ്യമ്മ. തിരുസഭാധികാരി കൾ, വൈദികർ എന്നിവർക്കുവേണ്ടി എവുപ്രാസ്യ മ്മ നടത്തിയിരുന്ന നിരന്തരമായ പ്രാർത്ഥന തിരു സഭയോടുള്ള അകമഴിഞ്ഞ സ്നേഹത്തിന്റെ അടയാളമാണ്. തിരുസഭാമാതാവിനെബാധിക്കുന്ന സകലപ്രശ്നങ്ങളും സ്വന്തം പ്രശ്നങ്ങളായി കണ്ടി രുന്ന അസാധാരണ സന്യാസ ചൈതന്യം അമ്മ യിൽ കണ്ടിരുന്നതായി അമ്മയുടെ കത്തുകളിൽ നിന്ന് വ്യക്തമാണ്. തൃശൂർ വ്യാകുലമാതാവിന്റെ പഴയ പള്ളിയെക്കുറിച്ച് സുറായിക്കാരും റോമൻ കത്തോലിക്കരും തമ്മിൽ കേസ് നടന്നുകൊണ്ടി രിക്കുന്ന 1906 August 5-ാം തീയതി അമ്മ അഭി വന്ദ്യ മാർ മേനാച്ചേരി പിതാവിന് എഴുതി :

"പിതാവേ എല്ലാറ്റിനും ദൈവതിരുമനസ്സിനു കീഴ്വ ഴങ്ങിയിരിക്കുന്നുവെന്നു ഞാൻ ശരണപ്പെടുന്നു. ഒന്നുകൊണ്ടും ദു:ഖിക്കേണ്ട. പിതാവേ തന്റെ


Spiritual Father
- Bp. John Menachery

ഇഷ്ടം നമുക്കു മതി. അല്ലേ പിതാവേ. ഇന്നലെ രാത്രി ഞാൻ 10 മണിയോടെ പ. അമ്മയോടു കൂടെ കൊന്തയും മറ്റും എത്തിച്ചു തുടങ്ങി". വ്യാകുല മാതാവിന്റെ പഴയ പള്ളി സംബന്ധിച്ചുണ്ടായിരുന്ന കേസിൽ പരാജിതരാകുമെന്നും, നഷ്ടപ്പെടുന്ന പള്ളിക്കുപകരം അതിമനോഹരവും വലുതുമായ ഒരു പള്ളി തൃശൂർ നഗരത്തിന്റെ ഹൃദയഭാഗത്തു തന്നെ പണിചെയ്യപ്പെടുമെന്നും വന്ദ്യപിതാവിനെ എവുപ്രാസ്യമ്മ അറിയിച്ചു. (എവുപ്രാസ്യ ലിഖിത ങ്ങൾ 105) കന്യകാലയത്തിലെ കാര്യങ്ങളിൽ മാത്രം മുഴുകി പുണ്യപൂർണ്ണത പ്രാപിക്കുന്നതിൽ ആത്മനിർവൃതിയടയാതെ, അതിന് പുറത്തുള്ള സഭാപ്രശ്നങ്ങളും തന്റെ ഹൃദയത്തിലും മനസി ലും ഏറ്റുവാങ്ങിയ ഉത്തമ തിരുസഭാപുത്രിയും സമർപ്പിതയുമാണ് വാ. എവുപ്രാസ്യമ്മ. യാക്കോ ബായക്കാർ തിങ്ങി താമസിക്കുന്ന സ്ഥലമാണ് തൃശൂരിലെ ചെർളയം. ക്രൈസ്തവസഭാവിഭാഗ ങ്ങളുടെ ഇടയിലുണ്ടായ ഭിന്നതയ്ക്ക് കടുപ്പം കൂടിവന്നിരുന്ന കാലഘട്ടവുമായിരുന്നു അത്. തിരുസഭയെ മാതൃതുല്യം സ്നേഹിക്കുന്ന എവുപ്രാസ്യമ്മയ്ക്ക് ഇത് മർമ്മ ഭേദകമായിരുന്നു. പ്രസ്തുത കാര്യങ്ങളുടെ വിശദാംശങ്ങൾ

യഥാസമയം തന്റെ ആത്മനിയന്താവുകൂടിയായ രൂപതാധ്യക്ഷൻ മാർ ജോൺ മേനാച്ചേരിയിൽ നിന്നും ഈ സുകൃതിനി അറിഞ്ഞു കൊണ്ടിരുന്നു. യാക്കോബായ സഹോദരങ്ങളുടെ ഇടയിൽ തന്നെ ഒരു സ്കൂളും മഠവും ഉണ്ടാകണമെന്ന് പിതാവും തന്റെ ആത്മപുത്രി എവുപ്രാസ്യമ്മയും തീവ്രമായി ആഗ്രഹിച്ചു. എവുപ്രാസ്യമ്മയുടെ പ്രാർത്ഥന തുടരെ തുടരെ ദൈവസന്നിധിയിലെത്തി. തമ്പുരാൻ കനിഞ്ഞു. ഒരു സ്ഥലം ഇതിനായി വാങ്ങാൻ പിതാവിനു സാധിച്ചു. യാക്കോബായ പള്ളിയുടെ അരികിലായി തന്നെ 1925-ൽ ഒരു സ്കൂൾ ആരംഭിച്ചു. 1926-ൽ ഒരു സി. എം. സി. മഠവും ഉണ്ണീശോയുടെ നാമത്തിൽ സ്ഥാപിതമായി. എവുപ്രാസ്യമ്മയുടെ തിരുസഭ സ്നേഹവും പ്രേഷിത ചൈതന്യവും പ്രാർത്ഥനാശീലവും വിളിച്ചോതികൊണ്ട് August 29, 8.40 p.m. ന് എവുപ്രാസ്യമ്മ മരിക്കുന്ന അതേ സമയത്ത് ചെർളയം മഠത്തിന്റെ മണി താനേമുഴങ്ങി.

## കുടുംബങ്ങളുടെ പ്രേഷിത

ഉള്ളിൽ കത്തിപടരുന്ന ദൈവസ്നേഹമായിരുന്നു എവുപ്രാസ്യമ്മയുടെ പ്രവർത്തനശൈലിയുടെ ഏറ്റവും പ്രധാനശ്രേഷ്ഠത. തീക്ഷ്ണമതിയായ കുടുംബപ്രേഷിതയാകാൻ അമ്മ ഉപയോഗിച്ച ഏറ്റവും വലിയ ആയുധം പ്രാർത്ഥനയായിരുന്നു. ദിവ്യകാരുണ്യസന്നിധിയിൽ നാഥനിൽ കണ്ണുംനട്ട് പ്രാർത്ഥനാലീനയായി കഴിഞ്ഞിരുന്ന നിമിഷങ്ങളിൽ രോഗത്തിൽ, കടബാധ്യതയിൽ, കുടുംബ പ്രശ്നങ്ങളിൽ വേദനിക്കുന്ന എല്ലാ മക്കളും അമ്മയുടെ ഹൃദയത്തിലേക്ക് കടന്നുവന്നിരുന്നു. അങ്ങനെഅത്ഭുതസൗഖ്യം ലഭിച്ച നിരവധി അനുഭവങ്ങൾ അനേകർക്ക് പറയുവാനുണ്ട്. ഒരു ദിവസം ഒല്ലൂർ മൊയ്ലൻ വറീതിന്റെ 12 വയസ്സായ മകൻ അന്തോണി രാത്രി കടയിൽ നിന്ന് തിരിച്ചു വരുമ്പോൾ കുറേ പട്ടികൾ പിറകേ ഓടിവന്നു. പേടിച്ച് വിറച്ച് കുട്ടി ഓടി ഒരു വീട്ടിൽ കയറി. ഭയങ്കര ശബ്ദം പുറപ്പെടുവിച്ച് അവിടെ വീണു. വായിൽ നിന്ന് നുരയും പതയും വന്നിരുന്നു. ഈ വിധം എല്ലാ മാസവും ആ ദിവസം ആ സമയത്ത് ആവർത്തിച്ചിരുന്നു. ഒരു ചികിത്സക്കും സുഖമാക്കാൻ കഴിഞ്ഞില്ല. വിവാഹിതയായ ശേഷം പെങ്ങൾ എവുപ്രാസ്യമ്മയുടെ അടുത്ത് വന്ന് എല്ലാ വിഷമങ്ങളും പറഞ്ഞു. അമ്മ സ്വയം എഴുതിയ പ്രാർത്ഥനയും കൃത്യമായി ചെയ്യേണ്ട കാര്യങ്ങളും നിർദ്ദേശിച്ചു നൽകി. ഒരു വർഷം തികയുന്ന ദിവസം പൂർണ്ണമായി മാറുമെന്ന് ഉറപ്പും കൊടുത്തു. അവർ എല്ലാം ചെയ്തു പോന്നു. ഒരു വർഷം തികയുന്ന ദിവസം വീണ്ടും രോഗലക്ഷണങ്ങൾ എല്ലാം കാണിച്ചു. എന്നാൽ അല്പം കഴിഞ്ഞ് പൂർണ്ണമായി സുഖപ്പെട്ട് അവൻ എഴുന്നേറ്റു, സാക്ഷ്യം നല്കി. ഒരു വലിയ കറുത്ത പട്ടി തന്നെ കൊണ്ടു പോകാനെന്നവണ്ണം അടുത്തു വന്നു. എന്നാൽ പ. അമലോത്ഭവ മാതാവ് കൂടുതൽ ശോഭയുള്ളവളായി വന്ന് അതിനെ ശാസിച്ചു. ആ പട്ടി തലതാഴ്ത്തി തിരിച്ചുപോയി. പിന്നീട് ഒരിക്കലും അന്തോണിയ്ക്ക് ആ രോഗം വന്നിട്ടില്ല. കുടുംബത്തിന്റെ സുസ്ഥിതിയ്ക്ക് സ്ത്രീയുടെ പങ്ക് എന്തെന്ന് തന്റെ അമ്മയായ കുഞ്ഞേത്തിയുടെ ജീവിതത്തിൽ നിന്നും എവുപ്രാസ്യമ്മ കണ്ടു മനസ്സിലാക്കിയിരുന്നു. അതിനാൽ തന്നെ സമീപിക്കുന്ന എല്ലാ സ്ത്രീകൾക്കും വ്യക്തമായ ജീവിതദർശനം നല്കിയിരുന്നു. തന്റെ കുടുംബത്തിൽ സാമ്പത്തികതകർച്ചയും മറ്റ് കഷ്ട-നഷ്ടങ്ങളും സംഭവിച്ചപ്പോഴും അമ്മ അസ്വസ്ഥയാകാതെ, "ലൗകിക സമ്പത്ത് കുറഞ്ഞാലും ആത്മീയ സമ്പത്തിൽ മറ്റാരെയും കാൾ പിന്നിലാകരുത്" എന്ന് തന്റെ സഹോദരനെ ഉപദേശിക്കാറുണ്ടായിരുന്നു. "കന്യാസ്ത്രീ ആയാൽ ചേർപ്പുക്കാരൻ കന്യാസ്ത്രീയെ പോലെയാകണം" എന്ന ചൊല്ല് നാട്ടിൽ പ്രചരിക്കതക്കവണ്ണം ജീവിത സാക്ഷ്യത്തിലൂടെ കുടുംബങ്ങളുടെ ഹൃദയം കവർന്നവളായിരുന്നു സുപരിചിതയായ വാ. എവുപ്രാസ്യമ്മ.

## ദിവ്യകാരുണ്യ ഉപാസക

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിൽ വസിക്കുന്നു. ഞാൻ അവനിലും. ഈശോ ഉള്ളിലെ ഉറവയായി തീരുന്നു. ഈശോ ഭക്ഷണമായി ജീവനായി മാറുന്നു. എനിക്ക് ദാനമായി കിട്ടുന്ന ഈ ചൈതന്യം ഈ സാന്നിധ്യം വ്യക്തിയായി ശക്തിയായി ഉള്ളിൽ തന്നെ അനുഭവിക്കുക. അതാണ് ഓരോ ആരാധനവേളയിലും എവുപ്രാസ്യമ്മ ചെയ്തിരുന്നത്. 40 മണി ആരാധന അമ്മയ്ക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. നോമ്പിന്റെ 6 വെള്ളിയാഴ്ചകളിലും വി. കുർബാനഎഴുന്നള്ളിച്ചു കിട്ടാനുള്ള ആഗ്രഹവും ദിവ്യകാരുണ്യത്തോടുള്ള അമ്മയുടെ ഭക്തിയ്ക്ക് ഉത്തമ തെളിവാണ്. ഒരു പ്രത്യേകതരം ആരാധനാരീതി പ. അമ്മ തന്നെ പഠിപ്പിച്ചിരുന്നതായി കാണുന്നു. ഒന്നാം വൃന്ദം മാലാഖമാരോടുകൂടി ആരാധിക്കുമ്പോൾ ഏതെങ്കിലും ഒരു പ്രത്യേക സുകൃതത്തിനുവേണ്ടി പ്രാർത്ഥിക്കുക. ഇങ്ങനെ മാലാഖവൃന്ദങ്ങളോടുകൂടി തുടർച്ചയായി പല സുകൃതങ്ങൾക്കുവേണ്ടി ആരാധിച്ചു പ്രാർത്ഥിച്ചിരുന്നു. ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരുന്ന നാഥനോടുള്ള സ്നേഹം എവുപ്രാസ്യമ്മയുടെ ഹൃദയത്തെ സദാ ആ തിരുസാന്നിധ്യത്തിലേയ്ക്ക് ബലമായി തന്നെ ആകർഷിച്ചിരുന്നു. കാൽവരിയിലെ ബലി പുനരവതരിപ്പിച്ചുകൊണ്ടുള്ള, ബലിപീഠത്തിലെ യേശു സാന്നിധ്യത്തിനായി ദാഹിച്ച് കാത്തിരിക്കും അമ്മ.

**"കന്യാസ്ത്രീ ആയാൽ ചേർപ്പുക്കാരൻ കന്യാസ്ത്രീയെ പോലെയാകണം" എന്ന ചൊല്ല് നാട്ടിൽ പ്രചരിക്കതക്കവണ്ണം ജീവിത സാക്ഷ്യത്തിലൂടെ കുടുംബങ്ങളുടെ ഹൃദയം കവർന്നവളായിരുന്നു സുപരിചിതയായ വാ. എവുപ്രാസ്യമ്മ.**

'വിശ്വാസത്തിന്റെ വാതിലിൽ' പറയുന്നതുപോലെ എവുപ്രാസ്യമ്മയുടെ സർവ്വപ്രവർത്തനത്തിന്റെയും ലക്ഷ്യം ദിവ്യബലിയായിരുന്നു. അത് അവൾക്ക് സർവ്വശക്തിയും പ്രവഹിക്കുന്ന ഉറവിടമാണ് (No.9). എന്തെങ്കിലും കാരണത്താൽ ദിവ്യബലി ഇല്ലാതെ വന്നാൽ അത് ഹൃദയഭേദകമായ ഒരു അനുഭവമായിരുന്നു. തന്മൂലം ദിവ്യബലി ഇല്ലാതെ വന്നാൽ എവുപ്രാസ്യയെ ആശ്വസിപ്പിക്കേണ്ട കടമ, കടപ്പാട് ഈശോയുടെ മേൽ വന്നപോലെയാണ്, എവുപ്രാസ്യമ്മ വെളിപ്പെടുത്തിയിട്ടുള്ള ഹൃദയരഹസ്യങ്ങൾ തെളിയിക്കുന്നത്. 1901 വൃശ്ചികം 15ന് ആത്മപിതാവിനയച്ച കത്തിൽ, രോഗം കൂടുതലായി അനുഭവപ്പെട്ടപ്പോൾ ദിവ്യകാരുണ്യം സ്വീകരിക്കാനുള്ള അതിയായ ആഗ്രഹം അറിയിച്ചപ്പോൾ ഈശോ തന്നെ നേരിട്ട് എഴുന്നള്ളി വന്ന് ദിവ്യകാരുണ്യം നൽകി ആഗ്രഹം പൂർത്തികരിക്കുന്നതായി നാം വായിക്കുന്നു. സക്രാരിക്കു മുന്നിൽ ഏകാഗ്രചിത്തയായിരിക്കുമ്പോൾ മണിക്കൂറുകൾ കടന്നു പോകുന്നത് അമ്മ അറിയാറില്ല. ഒരു വേഴാമ്പലിനെപ്പോലെ ദിവ്യകാരുണ്യനാഥനെഉറ്റുനോക്കി കൊണ്ടിരുന്ന അവൾ ഏതു കാര്യത്തിലും അഭിപ്രായം ആരാഞ്ഞിരുന്നത് അവിടുത്തോടാണ്.

## ദൈവമാതാവിന്റെ പ്രിയപുത്രി

ഒരു കൈകുഞ്ഞിനെപോലെ പ. കന്യകയുടെ അമലോത്ഭവ ഹൃദയത്തിൽ പറ്റിച്ചേർന്ന് കിടന്നാണ് എവുപ്രാസ്യമ്മ ആദ്യന്തം വളർന്നത്. "എന്റെ പെറ്റമ്മയേക്കാൾ എന്നെ സ്നേഹിച്ചാശ്വസിപ്പിച്ച് പരിപാലിച്ച് വളർത്തിയ എന്റെ അമ്മ" എന്നാണ് പ. കന്യകാമാതാവിനെ എവുപ്രാസ്യമ്മ വിശേഷിപ്പിക്കാറുള്ളത്. ഈ ഊഷ്മള ബന്ധം ഉറപ്പിക്കുവാനും വർദ്ധിപ്പിക്കുവാനും എവുപ്രാസ്യമ്മ തെരഞ്ഞെടുത്ത വഴി ജപമാല ചൊല്ലുക എന്നുള്ളതായിരുന്നു. "ജപമാലയിലേതുപോലെ യേശുവിന്റെ ജീവിതവും മറിയത്തിന്റെ ജീവിതവും അന്യഗാന



മായി ബന്ധപ്പെട്ടിരിക്കുന്നത് മറ്റെങ്ങും കാൺമാനില്ല. മറിയം ജീവിക്കുന്നതു മിശിഹായിലും മിശിഹായ്ക്ക് വേണ്ടിയുമത്രേ". (കന്യകാമറിയത്തിന്റെ ജപമാല നമ്പർ : 15) ജൂൺ 1, 1905 എവുപ്രാസ്യമ്മ പിതാവിനെഴുതി : "ഒരിക്കൽ പ. അമ്മ, എന്റെ തിരുക്കുമാരൻ പാപികളിൽ നിന്ന് അനുഭവിക്കുന്ന സങ്കടത്തെ കണ്ട് എന്റെ ഹൃദയം വളരെ ദു:ഖിക്കുന്നു എന്നും മറ്റും പറഞ്ഞു. മാസത്തിന്റെ ഒന്നാം ശനിയാഴ്ച, കൂട്ടമായി വി. കുർബാന കൈകൊണ്ട് എന്റെ തിരുഹൃദയത്തിന് പരിഹാരമായി കാഴ്ചവെയ്ക്കുന്നത് എനിക്ക് വളരെ ആശ്വാസമാകുന്നു മകളെ, നീ അതിനായി താല്പര്യപ്പെടണം എന്നു പറഞ്ഞു" (എവുപ്രാസ്യ ലിഖിതങ്ങൾ, കത്ത് 37). ഈ ദർശനം കഴിഞ്ഞ് നീണ്ട 12 വർഷങ്ങൾക്കുശേഷം ഇതേ ദർശനം കന്യകാമാതാവ് ആവർത്തിച്ചു. അത് ഫാത്തിമായിലായിരുന്നു. തന്റെ സഹനങ്ങളിൽ ശക്തി പകർന്നും ആശ്വാസം നല്കിയും പ. അമ്മ എവുപ്രാസ്യമ്മയുടെ ജീവിതം മുഴുവൻ നിറഞ്ഞു നിന്നു. പ. അമ്മയുടെ ഇഷ്ടപുത്രിയെന്ന നിലയിലുള്ള സ്വാതന്ത്ര്യവും സ്വാധീനവും എവുപ്രാസ്യമ്മ തന്റെ വേണ്ടപ്പെട്ടവർക്കൊക്കെ വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. പാപികളുടെ മാനസാന്തരത്തിനും ശുദ്ധികരാത്മാക്കളുടെ മോക്ഷപ്രാപ്തിക്കും പുറമെ ശീശ്മപ്രസ്ഥാനങ്ങൾക്കെതിരായും അമ്മ കന്യകാമറിയത്തോട് മാദ്ധ്യസ്ഥ്യം യാചിക്കുമായിരുന്നു. ജീവിതത്തിന്റെ അന്ത്യദിനങ്ങളിൽ ശരീരത്തിന്റെ ഒരു ഭാഗം തളർന്നു കിടക്കുമ്പോൾ പോലും കൈവിരലുകൾക്കിടയിലൂടെ കൊന്തമണികൾ നീങ്ങികൊണ്ടിരുന്നു. ആരോഗ്യത്തിലും അനാരോഗ്യത്തിലും കൊന്തയൊഴിഞ്ഞ കൈകളുമായി എവുപ്രാസ്യമ്മയെ കാണുക പ്രയാസമായിരുന്നു. മരണത്തെ മുഖാമുഖം കണ്ടുകൊണ്ടിരിക്കുമ്പോഴും ജപമാലയിലെ മണിമുത്തുകൾ, വിശ്രമമില്ലാതെ വിരലുകൾക്കിടയിൽ വിശുദ്ധമായി വ്യാപരിച്ചിരുന്നു.

## സഹോദരങ്ങളുടെ കാവൽക്കാരി

പരസ്പരസ്നേഹമില്ലാത്ത വിശ്വാസം ഫലമുള്ളതല്ല - വിശ്വാസവും പരസ്നേഹവും പരസ്പരം ആവശ്യപ്പെടുന്നവയാണ്. (വിശ്വാസത്തിന്റെ വാതിൽ നമ്പർ 14) എവുപ്രാസ്യമ്മ എന്നും മറ്റുള്ളവർക്ക് ഒരാശ്വാസമായിരുന്നു. ബാഹ്യകാര്യങ്ങളിൽ മാത്രമല്ല ആത്മീയകാര്യങ്ങളിലും പലവിധ ക്ലേശങ്ങൾമൂലം വിഷമിച്ചിരുന്ന അനേകം ആത്മാക്കൾക്ക് ആനന്ദം നല്കി എവുപ്രാസ്യമ്മ. തന്റെ ജീവിതം മുഴുവനും സഹോദരങ്ങൾക്ക് കാവൽ നിന്ന് അവരെ രക്ഷയിലേയ്ക്ക് കൊണ്ടു വരാൻ അമ്മ പരിശ്രമിച്ചു. ആരുടെയെങ്കിലും വാടിയ മുഖം കണ്ടാൽ അമ്മയുടെ ഹൃദയം ഒപ്പം വാടും. സഹോദരിമാരിൽ വേദനയുടെ നിഴൽ കണ്ടറിയാൻ ഒരു പ്രത്യേക കഴിവാണമ്മയ്ക്ക്. സി. ബനീത മദ്രാസിൽ പഠിച്ചിരുന്ന കാലം. അവധികാലത്ത് പതിവുപോലെ ഒല്ലൂരിലെത്തി. ഗുരുതരമായ ചില മാനസിക സങ്കട്ടനങ്ങൾക്ക് സിസ്റ്റർ വിധേയമായിരുന്നു. ആരോടും തുറന്നു പറയാവുന്നതായിരുന്നില്ല. ഒരു ജീവച്ഛവം പോലെയാണ് നാളുകൾ കഴിച്ചു കൂട്ടിയത്. ഒരു തീരുമാനമെടുത്ത് മുന്നോട്ടു പോകാൻ കഴിയാതെ സിസ്റ്റർ വിഷമിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം പള്ളിയിലേക്ക് പോകുമ്പോൾ എതിരെ വന്നിരുന്ന എവുപ്രാസ്യമ്മ വാത്സല്യപൂർവ്വം അരികിലേയ്ക്ക് വിളിച്ചു. മോളൊന്നു കൊണ്ടും വിഷമിക്കേണ്ട. എല്ലാം ശരിയാകും. അമ്മ പ്രാർത്ഥിക്കുന്നുണ്ട്. ഇത്രയും പറഞ്ഞ് സിസ്റ്ററിനെതലോടി, അതീവ സ്നേഹത്തോടെ. ആശ്വാസത്തിന്റെയും ആനന്ദത്തിന്റെയും ശക്തമായ ഒരു പ്രവാഹം സിസ്റ്റർ അപ്പോൾ അനുഭവിക്കുകയായിരുന്നു. സിസ്റ്ററിന് അഴിക്കാൻ പറ്റാതിരുന്ന പ്രശ്നത്തിന്റെ കുരുക്കൾ താനേകൊഴിഞ്ഞു വീണു. മണലൂർ മഠത്തിൽ ഒരു ജൂനിയർ സിസ്റ്ററായിരുന്ന ബിബിയാന, തന്റെ അന്ത്യനാളുകളിൽ ആവശ്യപ്പെട്ടത് എവുപ്രാസ്യമ്മയുടെ സാന്നിദ്ധ്യവും ആദ്ധ്യാത്മിക സഹായങ്ങളുമാണ്. പെറ്റമ്മയെ പോലെയാണ് എന്നെ സ്നേഹിച്ചത്. 'അമ്മയുടെ





സ്വന്തം മകളെ പോലെയാണ് എന്നെ കരുതിയത്'. എന്നിങ്ങനെഓരോരുത്തരും എവുപ്രാസ്യമ്മയുടെ സ്നേഹാമൃതം പാനം ചെയ്ത അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കും. അത്ര വ്യക്തിപരവും, ആത്മാർത്ഥത നിറഞ്ഞതും നിഷ്കളങ്കവും സേവനസന്നദ്ധതയും, പൂർണ്ണവും ഹൃദയങ്ങളെ ദൈവികമായ ആഴങ്ങളിൽ ആഴ്ത്താൻ പോന്നതുമായിരുന്നു അമ്മയുടെ സ്നേഹം.

## വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥ

ആ വ്യക്തിത്വത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു കുട്ടികളോടുള്ള വാത്സല്യം. അവർക്കങ്ങോട്ടും അങ്ങനെതന്നെ. പരീക്ഷയടുക്കുമ്പോൾ പ്രത്യേകിച്ചും അവർ ഓടികൂടും അമ്മയുടെ ചുറ്റും. പരീക്ഷയിൽ ജയിക്കണം. സ്കൂളിൽ പബ്ലിക് പരീക്ഷയെഴുതുന്ന കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ മഠത്തിൽ സിസ്റ്റേഴ്സ് നറുക്കിട്ടെടുക്കുന്നതാണ് പതിവ്. ഏതു സിസ്റ്ററിനാണ് തന്റെ പേര് കിട്ടിയിരിക്കുന്നതെന്നറിയാൻ കുട്ടികൾക്ക് വലിയ ജിജ്ഞാസയാണ്. എവുപ്രാസ്യമ്മയാണെന്നറിഞ്ഞാൽ സന്തോഷത്തിനതിരില്ല. എല്ലാവരോടും പറഞ്ഞു നടക്കുകയും ചെയ്യും, 'ആ പുണ്യമുള്ള കന്യാസ്ത്രീയ്ക്കാണ് എന്നെ കിട്ടിയിരിക്കുന്നത്'. പ്രാർത്ഥിക്കാൻ കിട്ടിയിരിക്കുന്ന കുട്ടികളെ വിളിച്ചു കാണാറുമുണ്ട്. സി. കോൺസ്റ്റാറ്റ സ്വന്തം അനുഭവം വിവരിക്കുന്നതിങ്ങനെ. "പഠിക്കാനൊട്ടും മിടുക്കിയല്ലായിരുന്നു ഞാൻ പ്രത്യേകിച്ചും കണക്ക്. എങ്കിലും ഉത്സാഹിച്ചു കൊണ്ടിരുന്നു. S.S.L.C. പരീക്ഷ അടുത്തിട്ടും കാര്യമായൊന്നും തലയിലില്ല. പിന്നെയൊരാശ്വാസം എനിക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത് എവുപ്രാസ്യമ്മയാണ്. അനുഗ്രഹാശിസ്സുകൾ വാങ്ങി കൊണ്ടു തന്നെ പരീക്ഷഹോളിലേയ്ക്ക് കടന്നു. പരീക്ഷയൊന്നും എളുപ്പമായിരുന്നില്ല. പരീക്ഷ കഴിഞ്ഞ് പുറത്തു വന്നതോടെ അദ്ധ്യാപികയുടെ കണ്ണിൽ പ്പെട്ടു. അവർ തന്നെ മാർക്കുകൾ തിട്ടപ്പെടുത്തി നോക്കി. തോറ്റതു തന്നെ. അപ്പോൾ ചങ്ക് തകർന്ന് കരഞ്ഞു കൊണ്ട് ഞാൻ എവുപ്രാസ്യമ്മയെ കാണാൻ ഓടി. എല്ലാം വിവരിച്ചു. അലിവുള്ള ആ അമ്മ എല്ലാം കേട്ടതിനുശേഷം എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചുകൊണ്ട് പറഞ്ഞു. 'മോൾ ജയിക്കും, പേടിയേക്കണ്ട'. മനസ്സിൽ കിട്ടിയ ഈ ഉറപ്പുമായി ഞാൻ പോയി. അമ്മ പറഞ്ഞതുപോലെ റിസൾട്ടറിഞ്ഞപ്പോൾ ജയിച്ചിരുന്നു'. അമ്മയ്ക്ക് കുട്ടികളോടുള്ള ബന്ധം വളരെ സുദൃഢമായിരുന്നു. നല്ല ഉപദേശങ്ങൾ കൊടുത്ത് അവരെ ഈശോയിലേയ്ക്ക് അടുപ്പിച്ചിരുന്നു. കുഞ്ഞുങ്ങളായിരുന്നപ്പോൾ എവുപ്രാസ്യമ്മ നല്കിയ ഉപദേശങ്ങളുടെ ബലത്താൽ എത്ര മക്കളുടെ ആത്മാക്കളെയാണ് നിത്യമായ രക്ഷയിലേയ്ക്ക് നയിക്കാൻ അമ്മയ്ക്ക്

> **"എന്റെ പെറ്റമ്മയേക്കാൾ എന്നെ സ്നേഹിച്ചാശ്വസിപ്പിച്ച് പരിപാലിച്ച് വളർത്തിയ എന്റെ അമ്മ" എന്നാണ് പ. കന്യകാമാതാവിനെ എവുപ്രാസ്യമ്മ വിശേഷിപ്പിക്കാറുള്ളത്.**

കഴിഞ്ഞിരിക്കുന്നത്. സന്യാസജീവിതത്തിലേയ്ക്ക് ചിലർക്കെല്ലാം ക്ഷണം നല്കികൊണ്ട് അതിന് അവർക്കു വേണ്ട എല്ലാ കാര്യങ്ങളും പ്രാർത്ഥന മൂലം സാധിച്ചു കൊടുത്തുകൊണ്ട് എത്ര ആത്മാക്കളെയാണ് ഈശോയ്ക്ക് വേണ്ടി നേടുവാൻ അമ്മയ്ക്ക് കഴിഞ്ഞത്. പുണ്യമുള്ള അമ്മയുടെ ഓരോ ചലനങ്ങളും അവരിൽ ഈശ്വര ചൈതന്യം നിറയ്ക്കാൻ ഉതകുന്നതായിരുന്നു.

## അടുക്കളയിലെ മാലാഖ

സദാ അദ്ധ്വാനിച്ചിരുന്ന ആശ്രമശുശ്രൂഷികളോട് ആ ഹൃദയാലുവിനുണ്ടായിരുന്ന അനുകമ്പയ്ക്കും വാത്സല്യത്തിനും അതിരില്ലായിരുന്നു. അവരെ സഹായിക്കാനും, ആശ്വസിപ്പിക്കാനും എങ്ങനെയെങ്കിലും അവസരം കണ്ടുപിടിക്കാറുണ്ട്. ഇവരുടെയെല്ലാം വസ്ത്രങ്ങൾ തയിച്ചു കൊടുക്കുവാനും, പഴയവ തുന്നി ശരിപ്പെടുത്താനും കാണിക്കുന്ന ഉത്സാഹം കണ്ടാൽ ഈ ചുമതല അമ്മയെ ഏല്പിച്ചിട്ടുണ്ടെന്ന് തോന്നും. മറ്റുള്ളവർ അവരെ കുറ്റപ്പെടുത്തുകയോ ശകാരിക്കുകയോ ചെയ്യുന്നതു കണ്ടാൽ അവർക്കുവേണ്ടി വാദിക്കുകയായി. എവുപ്രാസ്യമ്മയോട് ഏറെ സ്നേഹവും മതിപ്പുമുള്ള യൂക്കറിസ്റ്റമ്മയ്ക്ക് കിട്ടിയ ഉപദേശം ഇങ്ങനെയാണ്. "മോളേ, വേലക്കാരോടു കരുണയായി പെരുമാറണം. ഒരു വിധത്തിലും അവരെ വിഷമിപ്പിക്കരുത്. ഓർമ്മ വേണം". പ്രാർത്ഥനകൊണ്ട് പ്രവർത്തനങ്ങളെ വിശുദ്ധികരിക്കാൻ ജോലിക്കാരെ അമ്മ പഠിപ്പിച്ചിരുന്നു. അനാഥയായ അന്നംകുട്ടി. കുട്ടിക്കാലം മുതൽ തന്നെ ആശ്രമങ്ങളിൽ ആശ്രമ ശുശ്രൂഷിയായിരുന്നു. ആ കാലം മുതൽ തന്നെ എവുപ്രാസ്യമ്മ തന്റെ അമ്മ ആയിരുന്നു എന്നും തന്നെ വളർത്തി പരിപാലിച്ചതും അമ്മയാണെന്നും അന്നംകുട്ടി സാക്ഷ്യപ്പെടുത്തുന്നു. ശരീരമാസകലം ചൊറിയും ചിരങ്ങുമായി കഴിഞ്ഞിരുന്ന രോഗാവ



**സാധാരണ ജീവിതസാഹചര്യങ്ങളെ വിശുദ്ധിയിലേക്കുള്ള ചവിട്ടുപടികളാക്കിയ എവുപ്രാസ്യമ്മ നമ്മെയും വിളിക്കുന്നു, വിശുദ്ധരാകാൻ.**

സ്ഥയിൽ അന്നംകുട്ടിയെ തേച്ച് കുളിപ്പിച്ചിരുന്നത് എവുപ്രാസ്യമ്മയായിരുന്നു. പണിയെടുക്കാൻ ആശ്രമങ്ങളിലെ അടുക്കളകളിലേയ്ക്ക് കടന്നു വരുന്ന പാവപ്പെട്ട ആശ്രമശുശ്രൂഷികളോട് അമ്മയ്ക്കുണ്ടായിരുന്ന സ്നേഹവാത്സല്യങ്ങളും കരുണാർദ്രമായ കരുതലുകളും അമ്മയുടെ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്ന ദൈവസ്നേഹത്തിന്റെ നിദർശനമായിരുന്നു.

## രോഗികൾക്കരികിലെ ദൈവസാന്നിധ്യം

രോഗിപരിചരണത്തിൽ ശരിക്കും ശാസ്ത്രീയ പരിശീലനം ലഭിച്ച പോലെയുള്ള പ്രത്യേക പാടവമാണ് എവുപ്രാസ്യമ്മയ്ക്ക് ഉണ്ടായിരുന്നത്. ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കുവാനാണ് വന്നിരിക്കുന്നതെന്ന ദൈവപുത്രന്റെ സേവന മന്ത്രമാണ് (MK 10:45) അമ്മയെ സ്വാധീനിച്ചിരുന്നത്. ശുശ്രൂഷ ലഭിക്കാനല്ല ശുശ്രൂഷ കൊടുക്കാനായിരുന്നു അമ്മയുടെ ഹൃദയം തുടിച്ചിരുന്നത്. സ്വന്തം ആവശ്യങ്ങളും ആഗ്രഹങ്ങളും വളരെ പരിമിതങ്ങളായിരുന്നു. രോഗികളായ പല സഹോദരികളും എവുപ്രാസ്യമ്മയുടെ ശുശ്രൂഷ ലഭിക്കാൻ ആഗ്രഹിച്ചിരുന്നു. മറ്റുള്ളവർ കടന്നു ചെല്ലാൻ ശങ്കിക്കുന്നിടത്ത് ആദ്യമെത്തുക നമ്മുടെ അമ്മയായിരിക്കും. എവുപ്രാസ്യമ്മയുടെ തീക്ഷ്ണതയും ഉപവിയും പരിചരണസന്നദ്ധതയും പ്രകടമായ ഒരു സംഭവം നേരിൽ കണ്ട ഒരു സഹോദരി ഇങ്ങനെ വിവരിക്കുന്നു. കോളറ രോഗം പിടിപ്പെട്ട് ഒരു സിസ്റ്റർ മരണത്തിന്റെ വക്കുവരെ എത്തി. ഇതൊരു മാരകമായ പകർച്ചവ്യാധിയായിരുന്നതിനാൽ അടുത്തുചെല്ലാൻ പോലും ഭയമായിരുന്നു. പക്ഷേ, എവുപ്രാസ്യമ്മ സസന്തോഷം മുന്നോട്ടു വന്നു. ആ സഹോദരിയുടെ സ്വന്തം അമ്മപോലും അല്പം മാറി നിന്നതേയുള്ളൂ. എന്നാൽ എവുപ്രാസ്യമ്മയാകട്ടെ ഈ രോഗിയുടെ അരികിൽ നിന്ന് ഒരു നിമിഷം പോലും മാറിയിട്ടില്ല. തന്നെയുമല്ല, അതിസാരവും ഛർദ്ദിയും മൂലം ഇടയ്ക്കിടെ വമിച്ചിരുന്ന സകല മാലിന്യങ്ങളും ഉടനുടൻ എടുത്തുകളഞ്ഞ് വൃത്തിയാക്കി കൊണ്ടുമിരുന്നു, യാതൊരറപ്പും കൂടാതെ. ഇതിനിടയിൽ സമാധാനപൂർണ്ണമായ ഒരു നല്ല മരണത്തിന് ആ സഹോദരിയെ ഒരുക്കി കൊണ്ടുമിരുന്നു. അമ്മയുടെ കൈകളിൽ കിടന്നു കൊണ്ടാണ് അവൾ അന്ത്യശ്വാസം വലിച്ചത്. മരണാസന്നരുടെയടുക്കൽ നിന്നു വിട്ടുമാറില്ലെന്നു മാത്രമല്ല, അവരുടെ അതേ വികാരങ്ങൾ ഉൾകൊള്ളാനും ആ പുണ്യാത്മാവിന് കഴിഞ്ഞിരുന്നു. മറ്റുള്ളവർക്ക് നല്കുന്ന ശുശ്രൂഷയും സ്നേഹവും തന്റെ ജീവിത സാഫല്യമായി അമ്മ കണ്ടിരുന്നു.

1952 ആഗസ്റ്റ് 29-ാം തീയതി 75 വർഷം നീണ്ടു നിന്ന ആ ജീവിതം ഏതൊന്നിനെലക്ഷ്യമാക്കി ജീവിച്ചുവോ അതിനായി സ്വന്തം മിഴികൾ അടച്ചു. ജീവിച്ചിരുന്ന കാലത്ത് തന്റെ മാതൃവാത്സല്യം അനുഭവിച്ച അനാഥനായ അന്തോണി, എവുപ്രാസ്യമ്മ വാർദ്ധക്യത്തിലെത്തി കൂടുതൽ അവശയായി കാണപ്പെട്ടതിനാൽ മനം നൊന്ത് അമ്മയോട് ചോദിച്ചു. ''അമ്മേ, അമ്മ മരിച്ചാൽ പിന്നെ ഞങ്ങൾക്കാരാ ഉള്ളത്''. മോണകാട്ടി മുഖം നിറയെ ചിരിച്ച് പറഞ്ഞു. ''മോനേ, ഞാൻ മരിച്ചാലും ഇവിടെയൊക്കെതന്നെ ഉണ്ടാകുംട്ടോ''. അതേ, മരിച്ചാലും മറക്കില്ലെന്ന വാഗ്ദാനവുമായി ദൃഷ്ടിപഥത്തിൽ നിന്നും മറഞ്ഞിട്ടും സ്മൃതി പഥത്തിൽ വർണ്ണചീളുകൾ നിരത്തി, അനുഗ്രഹങ്ങളുടെ ശുശ്രൂഷകൾ പൊഴിച്ച്, നമ്മുടെ അരങ്ങുകളൊരുക്കി തരുന്ന വന്ദ്യയോഗിനിയായി എവുപ്രാസ്യമ്മ ഇന്നും ജീവിക്കുന്നു. ജീവിച്ചിരുന്നപ്പൊഴെന്നതുപോലെ തന്റെ മരണശേഷവും അനേകരെ നാഥനു വേണ്ടി നേടുന്നതിൽ എവുപ്രാസ്യമ്മ വ്യാപൃതയായിരിക്കുന്നു. സാധാരണ ജീവിതസാഹചര്യങ്ങളെ വിശുദ്ധിയിലേക്കുള്ള ചവിട്ടുപടികളാക്കിയ എവുപ്രാസ്യമ്മ നമ്മെയും വിളിക്കുന്നു, വിശുദ്ധരാകാൻ.

**Sr. Jilma John C.M.C.**



# ചാവറ പിതാവ്:
## വിശുദ്ധനായ സാമൂഹിക പരിഷ്കർത്താവ്

1986 ഫെബ്രുവരി 8–ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തുവെച്ച് ചാവറകുര്യാക്കോസ് ഏലിയാസച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി: "...കേരളത്തിൽ ജനിക്കുകയും അറുപത്തഞ്ച് വർഷത്തോളം ഇവിടെ ജീവിക്കുകയും ചെയ്ത ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, ക്രിസ്തീയ ജീവിതത്തിന്റെ നവീകരണത്തിനും വളർച്ചയ്ക്കും വേണ്ടി കഠിനാധ്വാനം ചെയ്ത ആളാണ്. ക്രിസ്തുവിനോടുള്ള ആഴമായ സ്നേഹം അദ്ദേഹത്തെ അപ്പസ്തോലിക തീക്ഷ്ണത കൊണ്ടു നിറച്ചു. ഇത് സഭയുടെ ഐക്യത്തെ വളർത്തുവാൻ പ്രത്യേകമായി സഹായിച്ചു. ആത്മാക്കളുടെ രക്ഷയിലുള്ള പ്രവർത്തനങ്ങളിൽ വലിയ ഔദാര്യത്തോടെ എല്ലാവരോടും പ്രത്യേകിച്ച് തന്റെ സഹസന്യാസികളോടും വൈദികരോടും സഹകരിച്ചു... സഭ ഇന്നു പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹത്തെ സ്നേഹത്തോടും കൃതജ്ഞതയോടും കൂടി അനുസ്മരിക്കുന്നു."

# കത്തോലിക്കാസഭയ്ക്ക് ചാവറയച്ചൻ ചെയ്ത സംഭാവനകൾ



## ഭാരതത്തിലെ ആദ്യത്തെ സന്യാസസഭ രൂപം കൊള്ളുന്നു

തങ്ങളിൽ അങ്കുരിച്ച സന്യാസ വിളിയുടെ പ്രചോദനത്താൽ പാലയ്ക്കൽ തോമ്മാ മല്പാനും, പോരൂക്കര തോമ്മാച്ചനും, ചാവറകുര്യാക്കോസച്ചനും, “ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു താപസഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ടും വല്ല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശന വീട് ഉണ്ടാക്കണമെന്ന ആഗ്രഹത്താൽ” അനുവാദത്തിനായി മെത്രാനോടപേക്ഷിച്ചു. സ്തബിലിനി മെത്രാൻ അവരെ പ്രോത്സാഹിപ്പിക്കയും ഈ ലക്ഷ്യത്തിനായി പണം പിരിക്കുവാനുള്ള അനുവാദക്കടലാസ് നൽകുകയും ചെയ്തു. 1831, മേയ് 11-ാം തിയതി മാന്നാനത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ പുതിയ ആശ്രമത്തിന്റെ ശിലാസ്ഥാപനകർമ്മം നടന്നു. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭയുടെ തുടക്കമായിരുന്നു ഇത്.

തങ്ങൾ നേതൃത്വം കൊടുത്ത സന്യാസജീവിതത്തിലേയ്ക്ക് പല അംഗങ്ങൾ വന്നു തുടങ്ങിയപ്പോൾ 1840-ൽ അലിഖിത നിയമത്തോടും ആചാരാനുഷ്ഠാനങ്ങളോടും കൂടി സന്യാസസമൂഹജീവിതം ആരംഭിച്ചു. 1841- ജനുവരി 16ന് ബഹുമാനപ്പെട്ട പാലയ്ക്കലച്ചനും 1846- ജനുവരി 8-ന് പോരുക്കരയച്ചനും മരണമടഞ്ഞപ്പോൾ സന്യാസസമൂഹത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ചാവറപിതാവിൽ നിക്ഷിപ്തമായി. 1855 ഡിസംബർ 8ന് ചാവറപിതാവിനോടു ചേർന്ന് പതിനൊന്നുപേർ വ്രതബദ്ധരായപ്പോൾ ‘അമലോത്ഭവ കന്യാമറിയത്തിന്റെ ദാസസംഘം’ എന്ന പേരിൽ തിരുസഭയുടെ അംഗീകാരമായി. കർമ്മലീത്ത മിഷനറിമാരുടെ പ്രേരണയാൽ തുടർന്ന് ‘അമലോത്ഭവ കർമ്മല മാതാവിന്റെ ദാസർ’ എന്ന പേരും 1859- മുതൽ അതുവരെ സഭാവസ്ത്രമായി ഉപയോഗിച്ചിരുന്ന വെള്ള ളോഹയ്ക്കും തുകൽ ബൽറ്റിനും പുറമെ വെള്ള സ്ക്കാപ്പുലറും ധരിക്കുവാൻ ഇടവന്നു. തുടർന്ന് 1861 മുതൽ കർമ്മലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയായി കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ എന്നപേരിൽ ആക്കുകയും ചെയ്തു. ദൈവപരിപാലനയുടെ ഭാഗമായി ചാവറപിതാവ് എല്ലാം സ്വീകരിച്ചു. വളർച്ചയുടെ വിവിധ ഘട്ടങ്ങൾ കടന്ന് എത്തിയ സഭ 1958 മുതൽ ‘അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്തർ (സി.എം.ഐ) എന്ന പേരു സ്വീകരിച്ചു.

ചാവറപിതാവ് പതിനാറുവർഷക്കാലം സഭയുടെ പൊതുശ്രേഷ്ഠനായി ഭരണം നടത്തി. സഭയിലും സമൂഹത്തിലും ഇവരിലൂടെ ഉണ്ടായിക്കൊണ്ടിരുന്ന നന്മകളെ തിരിച്ചറിഞ്ഞ ഇടവകവൈദികരും ജനങ്ങളും പല സ്ഥലങ്ങളിലും ആശ്രമങ്ങൾ ആരംഭിക്കുവാൻ നിർബ്ബന്ധിച്ചു. ഈ കാലയളവിൽ, കൂനമ്മാവ്(1857), ഏൽത്തുരുത്ത് (1858), പ്ലാശനാൽ(1858), വാഴക്കുളം(1859), പുളിങ്കുന്ന് (1861), അമ്പഴക്കാട് (1868), മുത്തോലി(1870) എന്നീ ആശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു. 1864 - മുതൽ വികാരി അപ്പസ്തോലിക്കയുടെ പ്രത്യേക താല്പര്യ പ്രകാരം ചാവറപിതാവിന്റെ സ്ഥിരതാമസം കൂനമ്മാവിലേയ്ക്ക് മാറ്റുകയും ജീവിതാന്ത്യം വരെ അവിടെ താമസിക്കുകയും ചെയ്തു.

## ചാവറ പിതാവ്:
## വൈദിക പരിശീലന രംഗത്ത്

ആത്മീയ ഉണർവ്വില്ലാതിരുന്ന കേരളസഭയിൽ നല്ല നേതൃത്വം നൽകുവാൻ ധാരാളം വൈദികർ ഉണ്ടാകണം എന്നവർ ആഗ്രഹിച്ചു. 1833-ൽ മാന്നാനത്തു തുടങ്ങിയ സെമിനാരി സീറോമലബാർ സഭയുടെ ആദ്യപൊതു സെമിനാരി ആയി വളർന്നു. ഇവിടെ 150 പേരെവരെ ഒരുമിച്ചു താമസിപ്പിച്ചു പഠിപ്പിക്കുവാൻ കഴിയുമായിരുന്നു. 1844-ൽ വികാരി അപ്പസ്തോലിക്ക ഫ്രാൻസീസ് സേവ്യർ മെത്രാൻ ചാവറപിതാവിനെ സീറോമലബാർ സഭയിലെ വൈദിക പരിശീലനത്തിനുള്ള മല്പാനും പട്ടം കൊടുക്കാനുള്ള പരീക്ഷകനും, പ്രസംഗം പറയുവാനും, കുമ്പസാരിപ്പിക്കുവാനുമുള്ള അനുവാദം കൊടുക്കുന്നവനുമായി നിയമിച്ചു. 40 വർഷത്തോളം അദ്ദേഹം വൈദിക പരിശീലനരംഗത്തു പ്രവർത്തിച്ചു. മാന്നാനത്തെ പരിശീലനത്തിന്റെ മേന്മ മനസ്സിലാക്കിക്കൊണ്ട് ബർണർഡിൻ മെത്രാപ്പോലീത്ത മറ്റു ആശ്രമങ്ങളോടുചേർത്തും സെമിനാരികൾ തുടങ്ങുവാൻ നിർദ്ദേശിച്ചു. അങ്ങനെ 1866-ൽ വാഴക്കുളത്തും 1868-ൽ എൽത്തുരുത്തും 1872-ൽ പുളിങ്കുന്നിലും സെമിനാരികൾ തുടങ്ങി. അന്നുവരെയുണ്ടായിരുന്ന 20-ഓളം മറ്റു ഇടവക സെമിനാരികൾ നിർത്തലാക്കുകയും ചെയ്തു. 1932-ൽ മംഗലപ്പുഴയ്ക്കു മാറ്റിയ പുത്തൻ പള്ളി സെമിനാരിയുടെയും തുടക്കക്കാരൻ ചാവറപിതാവായിരുന്നു എന്നു പറയാം. 1859-ൽ മഠം തുടങ്ങുവാനായി ഉണ്ടാക്കിയ കെട്ടിടമാണ് 1861ലുണ്ടായ റോക്കോസ് ശിശ്മയുടെ പിന്നാലെ മെത്രാന്റെ നിർദ്ദേശപ്രകാരം സെമിനാരിയാക്കേണ്ടിവന്നത്.

## ചാവറ പിതാവ്:
## കെട്ടുറപ്പുള്ള ദൈവജനത്തിനു വേണ്ടി

ജനങ്ങളുടെ ആദ്ധ്യാത്മികോത്ഥാനത്തിനും, സുസ്ഥിതിക്കും സുശിക്ഷിതരും വിശുദ്ധിയുള്ളവരുമായ സന്യാസികളും വൈദികരും ആവശ്യമാണെന്ന് ചാവറപിതാവും ആദ്യപിതാക്കളും മനസ്സിലാക്കിയിരുന്നു. ഇടവകകളിൽ രണ്ടോമൂന്നോ വൈദികർ ചേർന്ന് ധ്യാനം നടത്തുക എന്നതായിരുന്നു ആദ്യപടി. വൈദികർക്ക് വാർഷികധ്യാനം മാന്നാനം, എൽത്തുരുത്ത് തുടങ്ങിയ ആശ്രമങ്ങളിൽ വെച്ച് നടപ്പിലാക്കി. ആരാധനാക്രമങ്ങളിൽ ഐകരൂപ്യവും നിശ്ചിതക്രമങ്ങളും ഏർപ്പെടുത്തി. അതിന്റെ ഭാഗമായിരുന്നു കാലമനുസരിച്ചുള്ള ആരാധന കലണ്ടർ. വൈദികരുടെ കാനോന നമസ്ക്കാരം സുറിയാനിപാരമ്പര്യങ്ങൾക്കനുസരിച്ച് ക്രോഡീകരിച്ചു. ഇടവകകളിൽ പതിവില്ലാതിരുന്ന വാർഷികധ്യാനങ്ങൾ നടപ്പിലാക്കി. നാല്പതുമണി ആരാധനയ്ക്കു തുടക്കം കുറിച്ചു. ഞായറാഴ്ച പ്രസംഗം പതിവാക്കാൻ അദ്ദേഹം പ്രേരണയായി. ഇദ്ദേഹം വികാരിജനറൽ ആയിരുന്നപ്പോൾ മെത്രാന്റെ അനുമതിയോടെ സുറിയാനി സഭയെ നാലു സോണുകളായി തിരിച്ചു. അതിന്റെ ആത്മീയവളർച്ചയ്ക്കാവശ്യമായതു ചെയ്യുവാൻ സി.എം.ഐ വൈദികരെ ഡെപ്യൂട്ടികളായി നിയോഗിച്ചു.

സഭയ്ക്കുണ്ടാകാവുന്ന സാമ്പത്തിക പ്രതിസന്ധികളിൽ സമൂഹത്തെ ഭാരപ്പെടുത്താത്ത വിധം അദ്ദേഹവും കൂട്ടരും കണ്ടെത്തിയ എളുപ്പവഴിയിലുള്ള പിരിവുകളായിരുന്നു പള്ളികളിൽ നിന്നുള്ള നൂറ്റിക്കഞ്ചു പിരിവ്, കെട്ടുതെങ്ങുപിരിവ്, പിടിയരിപ്പിരിവ് തുടങ്ങിയവ. ഇന്നും പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണിവ. നൂറ്റിക്കഞ്ചു പിരിവ് എന്നത് പള്ളിയുടെ വാർഷിക വരുമാനത്തിൽ നിന്ന് അഞ്ചു ശതമാനം പൊതുആവശ്യങ്ങളിലേക്കുള്ള ഫണ്ടിലേക്ക് മാറ്റുക എന്നതാണ്. കെട്ടുതെങ്ങ് എന്നുദ്ദേശിക്കുന്നത് കൃഷിയിടങ്ങളിൽ നിന്നുള്ള ഉൽപന്നപിരിവാണ്. ഓരോരുത്തരുടെയും വരുമാനത്തിനനുസരിച്ച് ഉൽപന്നത്തിൽ നിന്ന് ഒരു വിഹിതം കൊടുക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഉദാഹരണമായി നൂറു തെങ്ങുള്ളവന്റെ വിളവധികം തരുന്ന നാലു തെങ്ങുകൾ അടയാളപ്പെടുത്തി വേർതിരിക്കുക. ഒരുവർഷത്തേയ്ക്ക് ഇവയിൽ നിന്നുള്ള തേങ്ങ പിരിവായി കൊടുക്കുക. 25 തെങ്ങുള്ളവന്റെ ഒരു തെങ്ങിലെ ഒരുവർഷത്തെ ആദായമായിരിക്കും; ഒരു തെങ്ങുള്ളവന്റെ രണ്ടു തേങ്ങായായിരിക്കും പിരിവിനായി കൊടുക്കുക. അമ്മമാർ വീടുകളിൽ ഭക്ഷണം ഉണ്ടാക്കുവാനായ് ഓരോ പ്രാവശ്യവും അരി അളന്നെടുക്കുമ്പോൾ അതിൽ നിന്നും കൈവിരലുകൾ ചേർത്തുപിടിച്ച് നുള്ളി എടുക്കുന്നഒരു പിടിയരി വേറൊരു പാത്രത്തിൽ സൂക്ഷിക്കുക. ഇങ്ങനെ ഓരോ പ്രാവശ്യവും ശേഖരിക്കുന്ന അരി ഇടക്കിടെ പൊതു ഫണ്ടുണ്ടാക്കുവാൻ വേണ്ടി പള്ളിയിൽ എത്തിച്ചു കൊടുക്കുന്നതാണ് പിടിയരിപിരിവ്.



## ചാവറ പിതാവ്:
## **ശീശ്മയെ നിർവീര്യമാക്കി**

പേർഷ്യയിൽ നിന്ന് വന്നു കേരളത്തിലെ സുറിയാനിസഭയുടെ ഭരണത്തിൽ ഇടപെട്ടതുമൂലമുണ്ടായ റോക്കോസ് ശീശ്മയുടെ കാലത്ത് 1861ൽ തല്പരകക്ഷികൾ ചാവറപിതാവിനെ അണിചേർക്കുന്നതിനു വേണ്ടി മെത്രാൻ പദവി വാഗ്ദാനം ചെയ്തു. തിരുസഭയോടു ചേർന്നു നിൽക്കാൻവേണ്ടി അദ്ദേഹം ആ പദവി വലിച്ചെറിഞ്ഞു. ശീശ്മയെ നേരിടുവാൻ വികാരിജനറലായി നിയമിക്കപ്പെട്ടപ്പോൾ മാർപ്പാപ്പക്ക് നേരിട്ടെഴുതി റോക്കോസ് മെത്രാൻ മാർപ്പാപ്പായാൽ നിയമിതനോ എന്നുറപ്പു വരുത്തി. അല്ല എന്നു തിരിച്ചറിഞ്ഞപ്പോൾ ചാവറപിതാവ് പള്ളികൾതോറും പ്രസംഗിച്ചും സർക്കുലർ അയച്ചും ദൈവജനത്തെ ശിശ്മയിൽ നിന്നു പിൻതിരിപ്പിച്ചു. നിയമവഴികളിലൂടെ നിഷ്കാസിതനായ ശീശ്മ മെത്രാൻ റോക്കോസ് താമസിയാതെ കേരളം വിട്ടുപോയി. ശീശ്മയിൽ വീണുപോയ 116ലേറെ ഇടവകകളെ ചാവറപിതാവിന്റെ സദ്പ്രേരണയും അനുരഞ്ജന മനോഭാവവും വഴി വേഗം തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞു. സമയോചിതമായ തന്റെ ഇടപെടലുകളെ സ്തുതിച്ചുകൊണ്ട് പരിശുദ്ധ പിതാവ് 9-ാം പീയൂസ് മാർപ്പാപ്പ സന്ദേശമയയ്ക്കുകയും ചെയ്തു.

## ചാവറ പിതാവ്:

### സുറിയാനിസഭയുടെ തനിമയ്ക്കു വേണ്ടി

കേരള സഭയെ ഐക്യത്തിൽ നിലനിർത്തുക എന്നതായിരുന്നു ചാവറയച്ചന്റെ ശ്രമങ്ങളിൽ ഏറ്റവും വലുത്. റീത്തുകളുടെ പേരിലും, മിഷനറിമാരുടെ ഉപവിക്കുറവിന്റെ പേരിലും, അവരെ തെറ്റിദ്ധരിച്ചതുകൊണ്ടും, അകത്തോലിക്ക സഭകളുടെ പ്രവർത്തനങ്ങൾകൊണ്ടും വിവേകവും, വിശുദ്ധിയും വിധേയത്വവും നഷ്ടപ്പെട്ടുകൊണ്ടിരുന്ന സമൂഹത്തെ ഒന്നിച്ചു നിർത്തുവാനും സാഹോദര്യത്തിലേയ്ക്കും സഭൈക്യത്തിലേയ്ക്കും നയിക്കുവാനും ചാവറപിതാവ് അശ്രാന്തം പരിശ്രമിച്ചു. പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അലക്സാണ്ടർ ബർണബായിക്ക് 1869-ൽ അദ്ദേഹം എഴുതിയ കത്തുതന്നെ ഇതിനുള്ള തെളിവാണ്. അതിൽ സ്വന്തറീത്തിൽ മെത്രാൻ ഉണ്ടാകണമെന്ന ദ്ദേഹം നിർദ്ദേശിച്ചു. ലഭിച്ചില്ലെങ്കിൽ വരാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിവരിച്ചു. ആരാധനാക്രമത്തിൽ സുറിയാനി പാരമ്പര്യങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തി നടപ്പാക്കാനും അദ്ദേഹം ആജീവനാന്തം പരിശ്രമിച്ചു. അതിനോടൊപ്പം ആഗോളസഭയെ ഒന്നായിക്കാണുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

## ചാവറ പിതാവ്:

### പുനരൈക്യശ്രമങ്ങൾ

ചാവറപിതാവിന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നായിരുന്നു, സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ, കത്തോലിക്കാസഭയിൽനിന്നും വേർപെട്ടുപോയ യാക്കോബായ സഹോദരങ്ങൾ വീണ്ടും സഭയിൽ ഒന്നായിത്തീരുക എന്നത്. സ്വന്തറീത്തിലും, ഈ നാട്ടിൽ നിന്നുമുള്ള മെത്രാന്മാർ ഉണ്ടായാൽ ഈ സാദ്ധ്യതയേറെയാണെന്ന് അദ്ദേഹം റോമിലേക്കറിയിച്ചിട്ടുണ്ട്. അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാഴമായി ചിന്തിച്ചപ്പോൾ കണ്ടെത്തിയ ചില പ്രായോഗിക പ്രശ്നങ്ങളായിരുന്നു, ആരാധനക്രമത്തിൽ വരുത്തേണ്ടമാറ്റങ്ങളേക്കുറിച്ചും, വിവാഹിതരായ യാക്കോബായ വൈദികർ തിരിച്ചുവന്നാൽ അവരെ എപ്രകാരം സ്വീകരിക്കാനാകും എന്നതും മറ്റും. ഇതിനുള്ള പരിഹാരവഴികളെക്കുറിച്ച് വികാരി അപ്പസ്തോലിക്കാ വഴി റോമിന്റെ മനസ്സുകണ്ടെത്തുവാൻ ചാവറപിതാവ് ശ്രമിക്കുന്നതിനേക്കുറിച്ച് ശിഷ്യനും കൂടിയായ പാലാക്കുന്നേൽ മത്തായി മറിയം അച്ചനുമായി നടത്തിയ എഴുത്തുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. 1869-ൽ 9-ാം പീയൂസ് മാർപ്പാപ്പ, സഭയുടെ കൂട്ടായ്മയിൽ നിന്നു വിട്ടുനിൽക്കുന്ന ലോകത്തെവിടെയുമുള്ള മെത്രാന്മാരെയും ഒന്നാം വത്തിക്കാൻ സുനഹദോസിലേക്ക് ക്ഷണിച്ചതിനെ കണക്കിലെടുത്ത് യാക്കോബായ മെത്രാന്മാരെയും ക്ഷണിക്കുവാൻ ചാവറപിതാവ് നേതൃത്വമെടുത്തു അവർക്കെഴുതുന്നുണ്ട്. ചാവറപിതാവ് തുടങ്ങിവെച്ച പുനരൈക്യശ്രമങ്ങൾ 1930-ൽ പൂർത്തിയായി സീറോമലങ്കര റീത്തിന്റെ രൂപികരണത്തോടുകൂടി.

## ചാവറ പിതാവ്:

### വിശുദ്ധിയുടെ പടവുകളിലൂടെ

# ചാവറയിൽ നിന്ന് ചാവറയച്ചനിലേക്ക്

1805 ഫെബ്രുവരി 10-ാം തീയതി കുട്ടനാട്ടിലെ കൈനകരി ഗ്രാമത്തിൽ കുര്യാക്കോ - മറിയം ദമ്പതിമാരിൽ നിന്ന് ചാവറയച്ചൻ ജാതനായി. 1805 സെപ്തംബർ 8ന് മരിയൻ ദേവാലയമായ വെച്ചൂർ പള്ളിയിൽ കൊച്ചുകുര്യാക്കോസിനെ മേരിദാസനായി അടിമവെച്ചു. തന്റെ അമ്മയിൽ നിന്നു ലഭിച്ച പരിശീലനത്തെക്കുറിച്ച് അദ്ദേഹം അനുസ്മരിക്കുന്നതിങ്ങനെയാണ്:

“സ്തന്യദാനത്തോടൊപ്പം പ്രാർത്ഥനയുടെ പ്രഥമപാഠങ്ങളും എന്റെ സ്നേഹമയിയായ അമ്മ എനിക്കു പറഞ്ഞുതന്നു. ഞാൻ അവയെല്ലാം തീഷ്ണതയോടെ പഠിച്ചു. അമ്മയുടെ സമീപത്തിരുന്ന് ദൈവത്തെക്കുറിച്ചു ഞാനറിഞ്ഞു. പാതിരാത്രിയിൽ അമ്മ എന്നെ ഉണർത്തുകയും ദൈവമാതാവിനെക്കുറിച്ചുള്ള ജപങ്ങളും രാജരാജനായ ഈശോയുടെ നാമജപങ്ങളും ഉരുവിടുവാനും എന്നെ പഠിപ്പിച്ചു.”

അഞ്ചുമുതൽ പത്തുവയസ്സുവരെയുള്ള സമയത്ത് ഗ്രാമത്തിലെ കളരി ആശാനോടൊപ്പം പഠിച്ചു. പാലയ്ക്കൽ മല്പാന്റെ ക്ഷണത്തെ തുടർന്ന് രണ്ടുവർഷത്തോളം ചേന്നങ്കരി ഇടവകപള്ളിയിലും വീട്ടിലുമായി താമസിച്ച് ദൈവത്തിന്റെ വിളിയെ ഉറപ്പിച്ചു. 1818-ൽ പള്ളിപ്പുറം ഇടവക സെമിനാരിയിൽ ചേർന്ന് പാലയ്ക്കൽ തോമ്മാ മല്പാന്റെ ശിക്ഷണം സ്വീകരിച്ചു. അധികം താമസിയാതെ കൈനകരി പ്രദേശത്തുണ്ടായ പകർച്ച വ്യാധിയിൽ പെട്ട് അപ്പനും അമ്മയും ഏകസഹോദരനും മരണമടഞ്ഞു. ഇതിനിടയിൽ നാലു സഹോദരിമാരെ കെട്ടിച്ചയച്ചിരുന്നു. കുടുംബം അനാഥമാകുന്ന അവസ്ഥയിലെത്തി. സെമിനാരി ജിവിതം ഉപേക്ഷിച്ച് വീട്ടിലേയ്ക്കു തിരിച്ചു വരുവാൻ ബന്ധുമിത്രാദികൾ ഉപദേശിക്കയും നിർബന്ധിക്കയും ചെയ്തു. എന്നാൽ മൂത്ത സഹോദരിയേയും ഭർത്താവിനെയും കുടുംബകാര്യങ്ങൾ അന്വേഷി

ക്കുവാനും, ജ്യേഷ്ഠന്റെ പുത്രിയെ സംരക്ഷിക്കുവാനും ചുമതലപ്പെടുത്തി. കുട്ടി വളർന്ന് വിവാഹിതയാകുമ്പോൾ അവളിലൂടെ ചാവറക്കുടുംബം തുടരത്തക്കവിധം കാര്യങ്ങൾ ക്രമീകരിച്ചശേഷം കൊച്ചുകുര്യാക്കോസ് സെമിനാരി ജീവിതം തുടർന്നു. കാരണം തന്നിലുള്ള ദൈവത്തിന്റെ വിളിയുടെ സ്വരം അത്രശക്തമായിരുന്നു.

ചാവറശെമ്മാശ്ശൻ 24-ാം വയസ്സിൽ 1829 - നവംബർ 29 -ാം തീയതി വരാപ്പുഴ വികാരി അപ്പസ്തോലിക്ക മൗറേലിയൂസ് സ്തബലിനി മെത്രാനിൽ നിന്ന് അർത്തുങ്കലുള്ള വിശുദ്ധ അന്ത്രയോസിന്റെ ദേവാലയത്തിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. പ്രഥമബലിയിൽ നേരത്തെ ആലോചനയിലിരുന്ന സന്യാസജീവിതം നയിക്കുന്നതിനാവശ്യമായ ദൈവാനുഗ്രഹം ലഭിക്കുവാൻ പ്രാർത്ഥിക്കാനും മറന്നില്ല. സഭാതനയർ ആത്മീയ ദാരിദ്ര്യം അനുഭവിക്കുന്നു എന്നു മനസ്സിലാക്കിയ അദ്ദേഹം ചുറ്റിനടന്ന് പള്ളികളിൽ പ്രസംഗിക്കുവാൻ തുടങ്ങി. പുളിങ്കുന്നിൽ നടത്തിയ ധ്യാനപ്രസംഗം അദ്ദേഹത്തെ പ്രശസ്തനാക്കി.

## ചാവറ പിതാവ്:
### കൈമാറിയ ആത്മീയ തീക്ഷ്ണത

ക്രിസ്തുവിന് ആത്മാക്കളെ നേടിക്കൊടുക്കുക എന്ന തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന ചാവറപിതാവ് ക്രിസ്തീയ വിശ്വാസം സ്വീകരിക്കുവാൻ ആഗ്രഹിച്ചുവന്നവരെ തന്റെ സഹോദര വൈദികർ വഴി വേണ്ടവിധം ഒരുക്കി മാമ്മോദീസ നൽകിയിരുന്നു. നൂറിലേറെ പേർക്കുവരെ ഒരുമിച്ച് മാമ്മോദീസ നൽകിയ അവസരങ്ങളും അവരുടെ ജീവിതത്തിലുണ്ട് എന്ന് മാന്നാനം നാളാഗമത്തിൽ കാണുന്നു. പുതുതായി വിശ്വാസം സ്വീകരിച്ചവർക്കായി വിശ്വാസ പരിശീലനകേന്ദ്രങ്ങളും സ്കൂളുകളും ആദ്യകാല ആശ്രമങ്ങളോടു ചേർത്ത് നടത്തിയിരുന്നു. ഇത്തരത്തിലുള്ള സീറോ മലബാർ സഭയിലെ ആദ്യത്തെ വിശ്വാസപരിശിലനകേന്ദ്രമായിരുന്നു 1853-ൽ അദ്ദേഹം മാന്നാനത്താരംഭിച്ചത്. ഇപ്രകാരം നൂറു വർഷങ്ങൾക്കിടയിൽ 48700ഓളം പേർക്ക് മാമ്മോദിസ നൽകിയിട്ടുള്ളതായി ആദ്യകാല ആശ്രമങ്ങളുടെ രേഖകളിൽ കാണുന്നുണ്ട്.

## ചാവറ പിതാവ്:
### അവസാന വാക്ക്

**പദ്രുവാദോ, പ്രൊപ്പാഗാന്ത പക്ഷക്കാരായ ഭരണങ്ങനാത്തെ ജനങ്ങളെ ഒന്നിപ്പിച്ചത് ചാവറ പിതാവിന്റെ വാക്കുകളായിരുന്നു.**

ചാവറപിതാവിന്റെ ശാലീനമായ സംഭാഷണവും പെരുമാറ്റവും ജാതിമതഭേദമന്യേ എല്ലാവരേയും ആകർഷിച്ചിരുന്നു. വൈദികരുടേതായാലും ആത്മായരുടേതായാലും, മറ്റുമതസ്തരുടേതായാലും പ്രശ്ന പരിഹാരത്തിനുള്ള അവസാനത്തെ വാക്കായിരുന്നു ചാവറപിതാവിന്റേത്. ഇടവകകളിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പലപ്പോഴും മെത്രാൻ ചാവറപിതാവിനോടായിരുന്നു ആവശ്യപ്പെട്ടിരുന്നതും അദ്ദേഹത്തിൽ നിന്നായിരുന്നു നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നതും. മാന്നാനത്തെ ആശ്രമത്തിനു സ്ഥലം കണ്ടെത്തുവാനും അവിടെ പണികൾ നടത്തുവാനും നാനാജാതി മതസ്ഥരായ ആളുകൾ സഹകരിച്ചിരുന്നു. ശത്രുതയോടെ പെരുമാറിയിരുന്ന ഏതിർകക്ഷികൾ പോലും ചാവറപിതാവിന്റെ സാന്നിദ്ധ്യം ഇഷ്ടപ്പെട്ടു. അദ്ദേഹം എടുക്കുന്ന തീരുമാനം എന്തായാലും ഇരുഭാഗവും അംഗീകരിച്ചുകൊള്ളാമെന്നു സമ്മതിച്ച അവസരങ്ങൾ അദ്ദേഹത്തെ വിധിയാളനാക്കി. പദ്രുവാദോ, പ്രൊപ്പാഗാന്ത പക്ഷക്കാരായ ഭരണങ്ങനാത്തെ ജനങ്ങളെ ഒന്നിപ്പിച്ചത് ചാവറപിതാവിന്റെ വാക്കുകളായിരുന്നു.



## ചാവറ പിതാവ്:
### പരസ്നേഹവും ശത്രുസ്നേഹവും

തനിക്കെതിരായി കള്ളക്കേസ്സു കൊടുക്കുകയും കോടതി കേറ്റുകയും ചെയ്ത ആളായിരുന്നു മുട്ടുചിറ ഇടവക മാഞ്ഞൂർ കളപ്പുരയ്ക്കൽ മാത്തൻ. കാലാന്തരത്തിൽ അധഃപതിച്ചു കൊണ്ടിരുന്ന ഇദ്ദേഹത്തിന്റെ കുടുംബത്തിന്റെ പ്രാരാബ്ധങ്ങൾ മനസ്സിലാക്കിയ ചാവറപിതാവ്, ഈ കുടുംബത്തെ കഴിയുംവിധം സഹായിച്ച് ശത്രുക്കളെ സ്നേഹിക്കുക എന്ന കർത്താവിന്റെ പ്രമാണം പാലിക്കണമെന്ന് തന്റെ മരണപത്രികയിൽ എഴുതിവെച്ചു. തന്റെ ഏറ്റവും വലിയ ശത്രു എന്ന് പരിഗണിക്കേണ്ട റോക്കോസ് മെത്രാനെ മറ്റ് എതിരാളികളിൽ നിന്നു കാത്ത്, തന്റെ നാട്ടിലെത്താനുള്ള യാത്രാ സൗകര്യങ്ങളും പണവും നൽകി അദ്ദേഹം കപ്പലിൽ യാത്ര തുടരുന്നതുവരെ കാത്തു നിന്നതും ശത്രുസ്നേഹത്തിന്റെ വലിയ പാഠങ്ങൾ ചാവറ പിതാവ് നൽകിക്കൊണ്ടായിരുന്നു.

## ചാവറ പിതാവ്:
### ആത്മീയത നിറഞ്ഞ വചനധാര

ചാവറപിതാവിന്റെ ആത്മീയജീവിതത്തിന്റെ നെല്ലും പതിരും തിരിക്കാൻ സഹായിക്കുന്നതാണ് അദ്ദേഹം എഴുതിയ ആത്മാനുതാപം, മരണവീട്ടിൽ പാടുവാനുള്ള പാന, അനസ്തസ്യായുടെ രക്തസാക്ഷ്യം എന്നീ കവിതാസമാഹാരവും, ഗദ്യരചന - ധ്യാന സല്ലാപങ്ങളും. ക്രിസ്തു, ദൈവമാതാവ്, തിരുസഭ, വിശുദ്ധരുടെ കൂട്ടായ്മ ഇവയൊക്കെയായിരുന്നു അദ്ദേഹത്തിന്റെ പ്രതിപാദ്യവിഷയങ്ങൾ.

കുടുംബജീവിതക്കാർക്കായി "നല്ല അപ്പന്റെ ചാവരുൾ" എന്ന പേരിൽഎഴുതിയ ലേഖനം കുടുംബങ്ങളിൽ സ്നേഹം, സമാധാനം, നീതി, വിശുദ്ധി, ക്രമം, നന്മ തുടങ്ങിയവ വളർത്തിയെടുക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങളായിരുന്നു. അദ്ദേഹത്തിന്റെ "മരണവീട്ടിൽ പാടുവാനുള്ള പാന" സുകൃതജീവിതം നയിക്കുവാൻ വലിയ പ്രേരണയാണ് നൽകുക. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ഉന്നതസോപാനങ്ങളിൽ എത്തുവാൻ ഇവ മറ്റുള്ളവരെ സഹായിച്ചു.

അദ്ദേഹം എഴുതിയ "നാളാഗമം" 19-ാം നൂറ്റാണ്ടിലെ കേരളസഭയുടെ ചരിത്രം കൂടിയാണ്. ദൈവവചനത്താൽ സമ്പുഷ്ടമായ ക്രിസ്തുകേന്ദ്രീകൃതമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. വിശുദ്ധകുർബ്ബാനയുടെ വലിയ ഭക്തനായിരുന്നു അദ്ദേഹം. ദിവസവും അനേക മണിക്കൂറുകൾ ദിവ്യസക്രാരിയുടെ മുമ്പിൽ ചിലവഴിച്ച് നുറുങ്ങപ്പെട്ട് അപ്പത്തിൽ നിന്നു ശക്തി നുകർന്ന് തന്റെ ജീവിതത്തെ മറ്റുള്ളവർക്കുവേണ്ടി നുറുങ്ങപ്പെട്ട അപ്പം പോലെയാക്കി മാറ്റി. ആത്മാക്കളെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന ചാവറ പിതാവ് രാത്രിയുടെ യാമങ്ങളിലും സിമിത്തേരിയിൽ പോയി ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. തന്റെ ഉള്ളിൽ തിങ്ങിനിറഞ്ഞ ദൈവാനുഭവം രചനകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും മറ്റുള്ളവരിലേയ്ക്ക് അദ്ദേഹം ഒഴുക്കിയിരുന്നു. ക്രിസ്തുവിന്റെ ജനനത്തോടുബന്ധപ്പെടുത്തിയുള്ള സംഭവങ്ങളെ ഇതിവൃത്തമാക്കിക്കൊണ്ട് അദ്ദേഹം രചിച്ച പത്തു എക്ലോഗുകൾ അഥവാ ഇടയനാടകങ്ങൾ ഇൻഡ്യൻ സാഹിത്യത്തിലെ ആദ്യ നാടകങ്ങൾകൂടിയാണ്. അദ്ദേഹം മാർപ്പാപ്പയ്ക്കും കർദ്ദിനാൾമാർക്കും, മെത്രാന്മാർക്കുമുള്ള കത്തുകൾ മുതൽ, ഇടവകവൈദികർക്കും സന്യസ്തർ ക്കും ചാവറപിതാവ് അയച്ച സർക്കുലറുകളും കത്തുകളും, വ്യവഹാരസംബന്ധമായ കത്തുകളുമടങ്ങുന്ന 86 രേഖകൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും, വിശുദ്ധിയേയും, വ്യ



ക്തി ബന്ധങ്ങളേയും വിളിച്ചറിയിക്കുന്നവയാണ്. സുറിയാനി സഭയുടെ പാരമ്പര്യങ്ങൾക്കനുസരിച്ച് അദ്ദേഹം ക്രോഡീകരിച്ചവയാണ് 'തൂക്കാസ' എന്ന ആരാധന ക്രമാനുഷ്ഠാനവും, കാനോന നമസ്ക്കാരവും കുർബ്ബാന പഞ്ചാംഗവും മരിച്ചവർക്കുവേണ്ടിയുള്ള ക്രമങ്ങളും പാട്ടുകുർബ്ബാനയും മാതാവിന്റെ ചെറിയ ഒപ്പീസും മറ്റും. തന്റെ അറിവു വർദ്ധിപ്പിക്കാനുള്ള ശ്രമത്തിൽ മലയാളഭാഷ കൂടാതെ തമിഴ്, സംസ്കൃതം, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് എന്നീ ഭാഷകളും അദ്ദേഹത്തിന് ഉപയോഗിക്കുവാൻ കഴിയുമായിരുന്നു.



## ചാവറ പിതാവ്:

# ഭക്തൻ

പരിശുദ്ധ കുർബ്ബാനയുടെവലിയ ഭക്തനായിരുന്ന ചാവറപിതാവ് ദിവ്യസക്രാരിയുടെ മുമ്പിൽ ചെലവഴിച്ച മണിക്കുറുകൾക്ക് എണ്ണമില്ലായിരുന്നു. നാല്പതുമണി ആരാധന നാട്ടിൽ നടപ്പിലാക്കിയതും അദ്ദേഹമായിരുന്നു. തിരുക്കുടുംബത്തിന്റെ അതീവ ഭക്തനായിരുന്ന അദ്ദേഹം ഈ ഭക്തി പ്രചരിപ്പിച്ചു. 'എന്റെ അമ്മ', 'എന്റെ അപ്പൻ' എന്നായിരുന്നു പരിശുദ്ധ കന്യകയേയും വിശുദ്ധയൗസേപ്പിനെയും അദ്ദേഹം വിളിച്ചിരുന്നത്. തിരുക്കുടുംബത്തിന്റെ ചാവറയച്ചൻ എന്നായിരുന്നു അദ്ദേഹം എഴുതിയിരുന്നത്. ബാല്യകാലത്തിൽ തന്റെ അമ്മ, "നിന്നുടെ നാഥ മാതാവൾക്കു ദാസൻ നീയെ എന്നതു മനസ്സതിലെപ്പോഴും സ്മരിക്കേണം" എന്ന് ഓർമ്മപ്പെടുത്തിയിരുന്നതുപോലെ പരി. അമ്മയോടുള്ള ഭക്തിയിൽ വളരുകയും മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുകയും ചെയ്തു. ജപമാല ഉത്തരീയം ഇവ പ്രചരിപ്പിക്കുന്നതിലും അദ്ദേഹം അതീവ തല്പരനായിരുന്നു. കൂനമ്മാവിൽ മഠത്തോടു ചേർത്ത് ഇതിന്റെ നിർമ്മാണം ആരംഭിച്ചതും ഇദ്ദേഹം ആയിരുന്നു. തിരുസഭയുടെ വിശ്വസ്ത ദാസനായിരുന്നു അദ്ദേഹം. തലവനായ മാർപ്പാപ്പാക്കുവേണ്ടിയും തിരുസഭയ്ക്കു വേണ്ടിയും എന്നും പ്രാർത്ഥിക്കുകയും പ്രാർത്ഥിപ്പിക്കുകയും ചെയ്തിരുന്നതുകൂടാതെ സഭയിലുള്ള എന്തെങ്കിലും പ്രതിസന്ധികളെക്കുറിച്ച് കേട്ടാൽ കണ്ണിരൊഴുക്കി സങ്കടപ്പെടുമായിരുന്നു

## ചാവറ പിതാവ്:
## ജീവിതലാളിത്യം

ജീവിതലാളിത്യം ചാവറപിതാവിന്റെ വ്യക്തിത്വത്തി ന്റെ അടയാളമായിരുന്നു. അദ്ദേഹത്തിന്റെ ഭക്ഷണത്തിലും വസ്ത്രത്തിലും ഉപയോഗവസ്തുക്കളിലും യാതൊരു പ്രത്യേകതകളും ഇല്ലായിരുന്നു. രോഗിയായിരുന്ന അദ്ദേഹത്തിന്റെ മുറിയിൽ ഒരിക്കലെത്തിയ മെത്രാൻ ചാവറപിതാവിനെ കസേരയിൽ പിടിച്ചിരുത്തുകയും വസ്ത്രങ്ങൾ സൂക്ഷിക്കുന്ന അദ്ദേഹത്തിന്റെ കൊച്ചുപെട്ടിപുറത്തിരുന്ന് കുശലാന്വേഷണം നടത്തേണ്ടിവരികയും ചെയ്യാൻ മാത്രം ലളിതമായിരുന്നു സന്യാസസഭാശ്രേഷ്ഠനും സുറിയാനിസഭയുടെ വികാരിജനറാളുമായിരുന്ന വലിയ പ്രിയോരച്ചന്റെ മുറിയിലെ സൗകര്യം.

ചാവറപിതാവിന്റെ വിനയഭാവത്തേയും കളങ്കമില്ലാ ത്ത ഹൃദയലാളിത്യത്തെയും വെളിപ്പെടുത്തുന്ന വചനങ്ങളാണ് മരിക്കുന്നതിനു ഏതാനും നാൾ മുമ്പു അദ്ദേഹം എഴുതിവെച്ച മരണപത്രികയിലെ അവസാനവചനങ്ങൾ, വികാരിഅപ്പസ്തോലിക്കാമാരോടും മിഷനറിമാരോടും ആശ്രമംഗങ്ങളോടും താൻ നിർവഹിക്കേണ്ടിയിരുന്ന കടമകളിലും മാതൃകയിലും വന്നുപോയ സകല കുറവുകൾക്കും മാപ്പപേക്ഷിക്കുകയും, തന്നിലൂടെ ഉണ്ടായ വീഴ്ചകൾ നോക്കാതെ കൂടുതൽ തീക്ഷ്ണതയോടെ ജീവിക്കുവാൻ ശ്രമിക്കണമെന്നു ആശ്രമാംഗങ്ങളോടപേക്ഷിക്കുകയും ചെയ്യുന്ന ഭാഗം ഹൃദയസ്പർശിയാണ്.

## ചാവറ പിതാവ്:
## മരണത്തെ ഭയപ്പെടാത്ത സിദ്ധൻ

മരണമടുത്തു എന്നറിഞ്ഞപ്പോൾ മനുഷ്യ സംസർഗ്ഗം കുറയ്ക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ആരെങ്കിലും അടുത്തെത്തിയാൽ ആത്മീയ കാര്യങ്ങൾ മാത്രമെ സംസാരിക്കാവു എന്നദ്ദേഹം നിഷ്ക്കർഷിച്ചു മുറിയുടെ വാതിൽക്കൽ എഴുതിവെപ്പിച്ചു. ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ വായിച്ച് കേൾക്കുവാൻ അദ്ദേഹം താല്പര്യം പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ മരണം അടുത്തു എന്നറിഞ്ഞ ദുഃഖാർത്തരായ അംഗങ്ങൾ അദ്ദേഹത്തിന്റെ കട്ടിലിന്റെ ചുറ്റും കൂടിയപ്പോൾ അവരെ ആശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "നിങ്ങൾ എന്തിനു ദുഃഖിക്കുന്നു? മനുഷ്യൻ ആരുതന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. തിരുക്കുടുംബത്തിന്റെ സംരക്ഷണം എപ്പോഴും എന്നോടുകൂടിയുണ്ടായിരുന്നതുകൊണ്ട് മാമ്മോദീസായിൽ എനിക്കുകിട്ടിയ ദൈവഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നുപറയുവാൻ ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങൾ എല്ലാവരെയും ഈ തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ" എന്നു പ്രാർത്ഥിച്ചുകൊണ്ട് അവരെ അനുഗ്രഹിച്ചു. തുടർന്ന് രോഗിലേപനം ചോദിച്ചു വാങ്ങുകയും 1871 ജനുവരി 3 രാവിലെ 7.30 ന് 65-ാം വയസ്സിൽ അദ്ദേഹം ദൈവത്തിൽ വിലയം പ്രാപിക്കയും ചെയ്തു.

## ചാവറ പിതാവ്:
## അനുഭവസ്തരുടെ സാക്ഷ്യം

**ചാവറപിതാവിന്റെ ജീവിതവിശുദ്ധിയേയും വ്യക്തിത്വത്തെയും തിരിച്ചറിയുവാൻ കുര്യാക്കോസ് ഏലിശാച്ചൻ, ലയോപ്പോൾദച്ചൻ, മഞ്ഞുമ്മൽ ലൂയീസച്ചൻ എന്നിവർ നൽകുന്ന സൂചനകൾ ധാരാളം മതി.**

### പോരൂക്കര കുര്യാക്കോസ് ഏലിശാച്ചൻ

1831 മുതൽ അടുത്തു പരിചയമുള്ളയാളും 1838 മുതൽ 71 വരെ എല്ലാകാര്യങ്ങളിലും അടുത്തു സഹകരിച്ചിരുന്ന ശിഷ്യനും ചാവറ പിതാവിന്റെ മരണശുശ്രൂഷകൾക്ക് നേതൃത്വമെടുത്തയാളും മരണശേഷം സി. എം.ഐ.സഭയുടെ രണ്ടാം ജനറാളുമായിരുന്ന പോരൂക്കര കുര്യാക്കോസ് ഏലിശാച്ചൻ ചാവറപിതാവിനെകുറിച്ച് ഇപ്രകാരം എഴുതി:

"...ആ കാലത്തിൽ ശിശ്മയുടെ പാതാളത്തിൽ വീഴാതിരിപ്പാൻ എത്രയോ ആളുകളെ സഹായിച്ചു എന്നും എത്രയൊ പള്ളികളെ ശിശ്മയിൽ നിന്നു തന്റെ ജനസമ്മതത്താലും, വാക്വൈഭവത്താലും, പുണ്യസ്ഥിരതയാലും രക്ഷിച്ചുവെന്ന് ആകാലത്തിൽ ഓർമ്മയുള്ളവരൊക്കെയും വേണ്ടവണ്ണം ഗ്രഹിച്ചിരിക്കുന്ന സത്യമാകുന്നു... ഈസംഗതികളൊക്കെയും ഭാഗ്യമായി വീഴുന്ന 9-ാം പീയുസെന്ന വിശുദ്ധ മാർപ്പാപ്പ കേട്ട് അത്യന്തം സന്തോഷിക്കയും ഒരു തിരുവെഴുത്ത് പ്രിയോരച്ചന്റെ പേർക്ക് എഴുതി അയക്കുകയും ചെയ്തു...

ഈദേഹത്തിന്റെ ജീവിതകാലം മുഴുവനിലും വിശുദ്ധ കുർബ്ബാനയോടുള്ള ഭക്തിയിൽ ശോഭിച്ചു വിളങ്ങിയിരുന്നു. കുർബ്ബാന ചൊല്ലുന്ന നേരത്തിൽ മഹാസൂക്ഷ്മവും ഭക്തിയും അടക്കവുമായി എത്രയും ഉയരപ്പെട്ട ഈ

കുദാശയുടെ നേരെ എത്രയോ വണ ക്കവും വിശ്വാസവുമായിരുന്നു എന്നു കാണുന്ന വർക്കൊക്കെയും ബോദ്ധ്യമായിരുന്നു. ക്രമം പോലുള്ള വിസീത്തയല്ലാതെ ദിവസവും ഏറി യനേരം വിശുദ്ധകുർബ്ബാനയുടെ തിരുമുമ്പിൽ മുട്ടുകുത്തി എത്രയും ഭക്തിയോടുകൂടി നമ സ്കരിച്ചു വന്നിരുന്നു. പരിശുദ്ധ ജപമാലമാ താവിന്റെ നേരെ മകനടുത്ത പ്രിയവും സ്നേഹവുമായി കൂടെകൂടെ തന്റെ സ്തുതി കളെ അറിയിക്കുകയും കാണുന്നവരുടെ ഹൃദ യത്തിൽ ഈ സവിശേഷ ഭക്തിയെ ഉറപ്പി ക്കാൻ അദ്ധ്വാനിക്കുകയും ചെയ്തിരുന്നു.

തന്റെ ഏറ്റിക്കപ്പെട്ട എളിമയാൽ ദൈവ ത്തിൻമേലും, മാതാവിന്റെയും യൗസേപ്പുപി താവിന്റെയും മാദ്ധ്യസ്ഥത്തിൻ മേലും ഉറച്ചു കൊണ്ട് സ്വാഭാവികമായി തനിക്കുണ്ടായിരുന്ന സാധുഗുണത്തോടുക്കൂടെ തന്റെ മുന്നോരുടെ പിന്നടിയിൽ അവരുടെ ചുമടും കൊണ്ടു നട പ്പാൻ തുടങ്ങിയപ്പോൾ ഈശോവർണോൻ വാഗ്ദാനത്തിന്റെ നാട്ടിൽ ചെന്നുചേർന്നപോ ലെ ജനസമ്മതവും വേണ്ടിയ ശരീരസൗ ഖ്യവും ഉള്ളവനായിട്ടും കൊവേന്തക്കായി പഠിച്ചുവന്നിരുന്നവരായിട്ടും പുറമെനിന്നു ചേർന്നവരായിട്ടും ധാരാളം സഹോദരന്മാരു സഹായക്കാരായി ഉണ്ടായി. എല്ലായിടങ്ങ ളിലും നടന്നു ധ്യാനം കഴിക്കയും പ്രസംഗി ക്കയും ചെയ്തു വന്നിരുന്നു. ഇതിനാൽ ജ്ഞാനവെളിവ് എല്ലായിടത്തും ഉണ്ടായതു കൂടാതെ പണിക്കുവേണ്ടിയ മുതൽ ധർമ്മമി രന്നും ലഭിച്ചു.''

## ലെയോപ്പോൾദച്ചൻ

1859ലാണ് ലെയോപ്പോൾദ് ഒ.സി.ഡി. മിഷനറി ഇൻഡ്യയിൽ കൂനമ്മാവിൽ എത്തുന്നത്. സബ്ഡീക്കനായി നാട്ടിലെത്തിയ അദ്ദേഹം 1860-ൽ വൈദികപട്ടം സ്വീകരിച്ചു. 1862മുതൽ അദ്ദേഹം മെത്രാന്റെ ഡെലഗേറ്റായി കൂനമ്മാവ് ആശ്രമത്തിൽ താമസിച്ചു. 1871-ൽ ചാവറപി താവ് മരിക്കുന്നതുവരെ 64മുതൽ ഇവർ ഒരുമിച്ചു താമസിക്കുകയും ലെയോ പ്പോൾദച്ചനെ ആത്മീയഗുരുവും കുമ്പസാര ക്കാരനായി സ്വീകരിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹം ചാവറപിതാവിനെകുറിച്ച ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

''...ഇതിൽ പ്രത്യേകമായിട്ട് മലയാളത്തിലെ പെൺപൈതങ്ങൾക്കു ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്ന് എത്രയും ആഗ്രഹമായി. ആയതിന്നു സർവേ ശ്വരൻ തമ്പുരാൻ തിരുമനസ്സായപ്പൊൾ അതിനെ നിറവേറ്റുന്നതിന്നു എത്രയോ പ്രയ ത്നം ചെയ്തുവെന്നു ഈ ചുരുങ്ങിയ വിവ രണത്തിനു കഴിയുന്ന കാര്യമല്ല. കന്യാസ്ത്രീ മഠം നടന്നുതുടങ്ങിയതിന്റെ ശേഷവും അതിനെ വേണ്ടുന്ന ക്രമത്തോടും പുണ്യ ത്തോടുംകൂടെ നടത്തുന്നതിന്ന് എത്രയോ ആഗ്രഹവും താല്പര്യവുമായിരുന്നു എന്ന് എല്ലാവർക്കും അറിവുള്ള കാര്യമായിരിക്കു ന്നു. എന്നാൽ ഈ പുണ്യപ്പെട്ട വേലകളെ വാക്കുകൾ കൊണ്ടും ബുദ്ധിവൈഭവം കൊണ്ടും നടത്തിയതിനെക്കാൾ അയാളുടെ വിശേഷഗുണശീലംകൊണ്ടും പുണ്യം കൊണ്ടും നടത്തിയെന്ന് പറവാൻ ന്യായമായി രിക്കുന്നു. അതെങ്ങെനെയെന്നാൽ അയാളെ അറിഞ്ഞിരുന്നവരൊക്കയും അയാളുടെ വിശേഷ എളിമയും താഴ്മയും പ്രത്യേകമാ യുള്ള ഉപവിയും മേല്പട്ടക്കാരുടെ നേരെ യുള്ള കുറവില്ലാത്ത കീഴവ്ഴക്കവും ചൊല്ലുവി ളിയും ഏല്ലാവർക്കും ബോദ്ധ്യമായിരിക്കയാൽ അയാളുടെ നേരെ മഹാ ആചാരവും പ്രിയ വുമായിരുന്നു. അയാളുടെ വചനത്തിൽ പൂർണമായ വിശ്വാസവുമായിരുന്നു. എന്നാൽ ഈ ദേഹത്തിനുള്ള പുണ്യങ്ങളിൽ വിശേഷമായിട്ടു വിളങ്ങി പ്രകാശിച്ച പുണ്യം വിശുദ്ധപള്ളിയുടെ മേലും വിശുദ്ധ മാർപ്പാപ്പ യുടെമേലുമുള്ള എത്രയും എരിവുള്ള വിശ്വാ സവും പ്രിയവുമായിരുന്നു.

ഈ തന്റെ ഉള്ളിലുള്ള ഭക്തിയും സ്നേഹവും നന്ദിവിചാരങ്ങളും പ്രകടിപ്പിച്ച് തന്റെ ആത്മാ ശ്വാസത്തിനും ഭക്തിക്കുമായി ഒടുക്കത്തെ ദീനം പിടിക്കുന്നതിനു മുമ്പ് 'ആത്മാനുതാപം' എന്ന പേരായിട്ട തന്റെ ദിവ്യവിചാരങ്ങളെ പാട്ടായി എഴുതിയുണ്ടാക്കി. ആയതു എല്ലാ വരുടെ ഹൃദയത്തിൽ ഭക്തി വർദ്ധിപ്പാനും നല്ല കണ്ടു പഠിത്വത്തിനും എത്രയും തക്കതായിരി ക്കുന്നവെന്നു അതുവായിച്ചപ്പോൾ എനിക്ക് ബോദ്ധ്യമായിരിക്കുന്നു. എന്നാൽ ഒരോരോ വേലകളെ കൊണ്ടും വയസ്സുപ്രായം കൊണ്ടും കുറെ കാലമായിട്ടു ക്ഷീണവും സൗഖ്യക്കേടുമായി. 1870-ാം കാലം തുലാം (ഒക്ടോബർ) മാസത്തിൽ ദീനമായി വീണു. ഈ എത്രയും മാണിക്കമുള്ള ആയുസ്സിനെ കാക്കുന്നതിന്നു പലവിധം പലരും പരിശ്രമിച്ചു വെങ്കിലും എല്ലാവരുടെയും അപേക്ഷകളെ കേൾപ്പാനും തമ്പുരാൻ തിരുമനസ്സായില്ല. മൂന്നു മാസത്തെയ്ക്കു ദീനത്തിന്റെ ദുഃഖ ങ്ങളും മുഴുവനായ കാഴ്ചക്കേടും മഹാക്ഷമ യോടും സന്തോഷത്തോടുംകൂടെ സഹിച്ചതി

ന്റെ ശേഷം വിശുദ്ധ പള്ളിയുടെ തിരുകുദാശകളൊക്കെയും വലിയ ആഗ്രഹത്തോടുകൂടെ കൈക്കൊണ്ടു. എത്രയും വിശേഷമായ ഭക്തിക്കടുത്ത വചനങ്ങളും നല്ല ഗുണദോഷങ്ങളും പറഞ്ഞു മുഴുവൻ ബോധഅറിവോടും സമാധാനത്തോടും കൂടെ 1871 -കാലം മകര(ജനുവരി)മാസം 3 നു കാലത്ത 7.30 മണിക്കു കൂനമ്മാവു കൊവേന്തയിൽ തന്റെ മക്കളുടെ കൈകളിൽ ദൈവസമാധാനത്തിൽ മരിക്കയും ചെയ്തു.'' മരണദിവസം ലയോപ്പോൾദച്ചൻ ഡയറിയിൽ ഇപ്രകാരം കുറിച്ചു: ''ഓ! വിശുദ്ധവും സുന്ദരവുമായ ആത്മാവെ, എനിക്കു വേണ്ടി പ്രാർത്ഥിക്കേണമെ.''

## മഞ്ഞുമ്മൽ ലൂയീസച്ചൻ

മഞ്ഞുമ്മൽ ലൂയീസച്ചൻ എന്നറിയപ്പെട്ടിരുന്ന ലൂയിസ്, ചാവറപിതാവ് സ്ഥാപിച്ച കൂനമ്മാവു മഠത്തിലെ ആദ്യ അംഗമായ ഏലിശ്വായുടെ സഹോദരനാണ്. 1862 മുതൽ ചാവറപിതാവിന്റെ മരണം വരെ കൂനമ്മാവു ആശ്രമത്തിലെ ഒരംഗമായി സന്യാസപരിശീലനം സ്വികരിച്ച ലത്തീൻ റീത്തിലെ അംഗമായിരുന്നു. അദ്ദേഹം ചാവറപിതാ വിനെകുറിച്ചുള്ള അനുഭവം ഇപ്രകാരം പ്രകടിപ്പിച്ചിരിക്കുന്നു:

''...വണ്ണകാരനാണ് ഇദ്ദേഹം. എന്റെ കയ്യിൽ ഒരു ലിഗോരി പുണ്യവാളന്റെ രൂപമുണ്ടായിരുന്നു. ആ ഭാവമാണ്. വെള്ള നിറം കണ്ണു സാമാന്യം വലുപ്പം, ക്രമം വിട്ടു വലുതല്ല. പറയാൻ തക്ക വലിയ കഷണ്ടിയില്ല, എങ്കിലും ഉണ്ടെന്നു പറയാം. വട്ടമുഖം. മൂക്ക് നീണ്ടതല്ല, സാമാന്യം പൊക്കം കുറവാണ്. ദേഹം പുഷ്ടിമയുള്ളതുകൊണ്ട് അത്ര പൊക്കം തോന്നുകയില്ല. കാലേൽ വള്ളിചെരിപ്പ് എല്ലായിപ്പോഴും ഇട്ടിരുന്നു. സ്വരം നല്ല കിളിസ്വരം. പ്രസംഗം പറയുന്നത് എവിടെയും തിരിച്ചു കേൾക്കാം. കുർബ്ബാനയും മറ്റും പാടുന്നതു നല്ലവണ്ണം പാടും. ചാവറയച്ചൻ എന്നു കേട്ടാൽ സുറിയാനിപട്ടക്കാർക്ക് ദേവനെപ്പോലെ, മെത്രാനോടെന്നപോലെ വണക്കമായിരുന്നു. മുറിക്കകത്ത് നിത്യപെരുമാറ്റത്തിനുള്ള കൃത്യം വെള്ളവും, നാലഞ്ചു പുസ്തകവും മേശപ്പുറത്ത്. ക്രുശിതരൂപം മേശപ്പുറത്തില്ലായിരുന്നു. കട്ടിലും മേശയും ഒരു കസേരയും കട്ടില് സാധാരണ, മേക്കട്ടിയില്ല, ഒരു തലയിണ. ഭക്ഷണം എല്ലാം പൊതു, യാതൊരു പ്രത്യേകതയും ഇല്ല,

പള്ളിയിൽ പോയി പലപ്പോഴും പ്രസംഗം പറഞ്ഞിരുന്നു. പ്രസംഗം വളരെ ശുഷ്കാന്തിയുള്ളത്. അദ്ദേഹത്തിന്റെ മല്പാനച്ചൻ ഇവൻ പുഷ്പത്തിൽ (പ്രസംഗപീഠം) കയറുമ്പോൾ സിംഹമായിരിക്കും എന്നു പറഞ്ഞിരിന്നു എന്നു ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം പിറവിയുടെ സല്ലാപങ്ങൾ ശ്ലോകമായിട്ടും പ്രോസായിട്ടും ഉണ്ടാക്കി, എക്ലോഗ് ഉണ്ടാക്കിയിട്ടുണ്ട്. സംസ്കൃതം കുറച്ചറിയാമായിരുന്നു. ദുഃഖം സഹിക്കുന്നതിനും, എന്തിനും ധീരമനസ്സുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതാവസ്ഥ നോക്കിയാൽ ഒരു വിശുദ്ധൻ തന്നെ എന്നു വേണം പറയുവാൻ. ഒടുക്കത്തെ ഒപ്രൂശുമ കൊടുത്തപ്പോൾ ഞങ്ങളൊക്കെ ഉണ്ടായിരുന്നു. അപ്പോൾ എല്ലാവരോടും, മരിക്കാൻ തക്ക അവസരത്തിൽകൂടെയും ഉപദേശം പറഞ്ഞു. സഭയുടെ ക്രമങ്ങളിലൂണ്ടാകേണ്ടുന്ന സൂക്ഷ്മത്തെക്കുറിച്ച് അപ്പോൾ പറഞ്ഞു. പറഞ്ഞത് ഉയിരുള്ള ദൈവസ്നേഹവും പരസ്നേഹവും.''

## ചാവറ പിതാവ്: നമ്മെയും ക്ഷണിക്കുന്നു

### പരിശുദ്ധ കുർബാനയിലേക്ക്

''എന്നുടെ സ്നേഹം നീയേ, ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കു നീ യാവന പാനം നീയേ,
ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.''

### ക്രിസ്തുവിന്റെ പീഡാസഹനത്തിലേക്ക്

''ഓ, കർത്താവെ! എന്റെ കണ്ണുകളെ ഉയർത്തി നിന്റെ തിരുമുഖത്തെ ദർശിക്കുവാൻ ഞാൻ അയോഗ്യനായിരിക്കുന്നു. നിന്റെ തിരുത്തലയിൽ തറച്ചിരിക്കുന്ന മുള്ളുകൾ എത്രയോ അധികം മുറിവുകൾ ഉണ്ടാക്കിയിരിക്കുന്നു. എന്റെ അഹങ്കാരചിന്തകളാലും മറ്റും ഞാൻ എത്രയോ പ്രാവശ്യം നിന്നെ മുറിപ്പെടുത്തിയിരിക്കുന്നു. അയ്യോ! ഈ മുൾകെട്ടിനെ എന്റെ തലയിൽ നീ വെയ്ക്കേണമെ. മരണപര്യന്തം ഈ ദുഃഖഓർമ്മയാലെ തന്നെ നിനക്കിഷ്ടമില്ലാത്ത യാതൊരു ചിന്തയും എന്റെ ഓർമ്മയിൽ പ്രവേശിക്കാതിരിക്കട്ടെ.'''

### പരിശുദ്ധ മാതാവിലേക്ക്

"ഇതുവരെയും മാതാവിന്റെ നാമത്തിൽ ഞാൻ വലവീശിയിട്ടു ഒന്നും ലഭിക്കാതെ വല തിരിച്ചു വലിച്ചിട്ടില്ല"

### തിരുക്കുടുംബത്തിലേക്ക്

"തിരുക്കുടുംബത്തിന്റെ സംരക്ഷണം എന്നോടുകൂടി എപ്പോഴും ഉണ്ടായിരുന്നതു കൊണ്ടു മാമ്മോദീസായിൽ എനിക്കു ലഭിച്ച ദൈവഇഷ്ടപ്രസാദം നഷ്ടപ്പെടുവാൻ ഇടയായിട്ടില്ല എന്നു പറയുവാൻ ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്... ഈ തിരുക്കുടുംബം നിങ്ങളുടെ ഹൃദയങ്ങളിൽ ഭരണം നടത്തട്ടെ!"

### അറിവിലേക്കും ജ്ഞാനത്തിലേക്കും

"കണ്ണിനു കാഴ്ചയില്ലാതെ ലോകത്തിലുള്ള വസ്തുക്കൾ കാണാൻ കഴിവില്ലാത്തതു പോലെ വിദ്യ എന്ന വെളിച്ചം ഇല്ലാതെ പരലോകത്തെയും അതിൽ വസിക്കുന്ന ദൈവത്തേയും അറിയാൻ കഴിയില്ല. കണ്ണില്ലാത്തവർ കുരുടന്മാരായിരിക്കുന്നതുപോലെ പഠനം എന്ന വെളിച്ചം ഇല്ലാത്തവർ ജ്ഞാനക്കുരുടന്മാരാകുന്നു."

### പരസ്നേഹത്തിലേക്ക്

"മരണത്തോടടുക്കുമ്പോൾ ഒരാൾക്കു കൊടുക്കുന്ന സഹായമാണ് ഏറ്റവും വലിയസഹായം. എല്ലാറ്റിലും വലിയ ഉപവിപ്രവർത്തിയും ഇതുതന്നെ... അന്യർക്ക് എന്തെങ്കിലും ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസ്സങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല."



## ചാവറ പിതാവ്:
# വിശുദ്ധിയിലേക്കുള്ള നാൽവഴികൾ

ചാവറപിതാവിന്റെ മരണവർഷത്തിൽ തന്നെ, അദ്ദേഹത്തിന്റെ ആത്മീയ പിതാവും കൂടിയായിരുന്ന ലെയോപ്പോൾദ് മിഷനറി, ഈ പുണ്യപിതാവിന്റെ പല ഉപയോഗവസ്തുക്കളും തിരുശേഷിപ്പ് എന്നവിധം സൂക്ഷിക്കുവാനായി സഭാംഗങ്ങൾക്ക് വീതിച്ചുകൊടുത്തിരുന്നു. നേരിട്ടുള്ള ജീവിതാനുഭവങ്ങൾ വഴി ചാവറപിതാവിന്റെ ജീവിതവിശുദ്ധിയേക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്ന അദ്ദേഹം നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതിനേക്കുറിച്ച് പ്ലാൻചെയ്തു തുടങ്ങിയെങ്കിലും 1876-ആരംഭത്തിൽ അദ്ദേഹം ഇറ്റലിയിലേയ്ക്ക് മടങ്ങിപ്പോയതിനാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല.

തുടർന്ന് കേരള സഭാന്തരീക്ഷത്തിലും പ്രത്യേകമായി സി.എം.ഐ. സഭയുടെ പ്രവർത്തനങ്ങളുടെ മേൽ മിഷനറിമാർ വെച്ച നിയന്ത്രണത്താൽ തുടർനടപടികൾ മന്ദഗതിയിലായി. 1936-ൽ ചേർന്ന സി. എം. ഐ. സഭയുടെ പൊതുസംഘം വീണ്ടും നാമകരണ നടപടികൾ ആരംഭിക്കാൻ നിശ്ചയിച്ചു. ഇതിന്റെ ഭാഗമായി ചാവറപിതാവിന്റെ സമ്പൂർണ്ണ ജീവചരിത്രം പ്രസിദ്ധീകരിച്ചതോടെ അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയേയും പുണ്യങ്ങളേയും കുറിച്ച് കൂടുതൽ ആളുകൾ അറിയാനിടയായി. കൂടുതൽ മാദ്ധ്യസ്ഥ പ്രാർത്ഥനകളും ആരംഭിച്ചു. ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചു തുടങ്ങി.

1953-ൽ പൗരസ്ത്യ സഭകളുടെ അദ്ധ്യക്ഷനും കൂടിയായിരുന്ന കാർഡിനൽ യുജിൻ ടിസറാംഗ് നടപടികൾ ആരംഭിക്കുവാൻ അന്നത്തെ പ്രിയോർ ജനറലിനോടാവശ്യപ്പെട്ടു. 1955ൽ റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ അനുമതി ലഭിച്ചു. ചാവറപിതാവ് മരിച്ച് അടക്കം ചെയ്യപ്പെട്ട കൂനമ്മാവിനെ കേന്ദ്രികരിച്ചോ, 33 വർഷം താമസിച്ചിരുന്നതും ഭൗതികാവശിഷ്ടം കൂനമ്മാവിൽ നിന്ന് കൊണ്ടുവന്ന് അടക്കം ചെയ്തിരിക്കുന്ന മാന്നാനത്തെ കേന്ദ്രീകരിച്ചോ നാമകരണനടപടികൾ ആരംഭിക്കേണ്ടത് എന്നു റോമിൽ വിലയിരുത്തി. ഇപ്പോൾ ഭൗതികാവശിഷ്ടം സ്ഥിതി ചെയ്യുന്ന മാന്നാനം ഉൾക്കൊള്ളുന്ന ചങ്ങനാശ്ശേരി രൂപതയിൽ എന്നു

തീരുമാനമായി. 1957ൽ ചങ്ങനാശ്ശേരി രൂപതാ മെത്രാൻ മാർ മാത്യു കാവുകാട്ട് നടപടികൾക്കാവശ്യമായ ചരിത്രകമ്മീഷനെ നിയോഗിച്ചു. അൻപത്തിഎട്ട് ജനുവരി മൂന്നിന് ദൈവദാസനായി പ്രഖ്യാപിച്ചു. വിവിധ സ്ഥാപനങ്ങളിൽ നിന്നും അർകൈവ്സുകളിൽ നിന്നുമായി 210 രേഖകൾ ചരിത്രകമ്മീഷൻ കണ്ടെത്തി.

1962-ൽ ചാവറപിതാവിന്റെ ജീവിതത്തെയും വിശുദ്ധിയെയും വിലയിരുത്താൻ നിയമിച്ച ട്രിബ്യൂണൽ 501 സെഷനുകളിലൂടെയായി 104 സാക്ഷികളുടെ മൊഴികൾ ശേഖരിച്ചു. 1967-ൽ ട്രിബ്യൂണലിന്റെ പ്രസിഡണ്ടായ ഫാ. ലൂക്കാസ് വിത്തുവട്ടിക്കലിന്റെ നേതൃത്വത്തിലാണ് രേഖകളും നടപടികളും ലത്തീനിലേയ്ക്ക് പരിഭാഷപ്പെടുത്തിയത്. അതിരൂപതാ മെത്രാൻ മാർ ആന്റണി പടിയറ 1971 -ൽ ഒപ്പുവെച്ച രേഖകൾ റോമിലെ നാമകരണ നടപടികളുടെ തിരുസംഘത്തിന് സമർപ്പിച്ചു.

1973-ൽ സംഘം രേഖകളുടെ സാധുത ഉറപ്പുവരുത്തി. 1977-ൽ പൊസിസിയോ എന്ന ആധികാരിക പഠനരേഖ തിരുസംഘത്തിനു സമർപ്പിച്ചു. പൊസിസിയോ പരിശോധിച്ച ഒൻപതംഗങ്ങളും ചാവറപിതാവ് ക്രൈസ്തവ പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നതായി, ഏകകണ്ഠമായി പ്രഖ്യാപിച്ചു. ഒൻപത് അംഗങ്ങളും ഏകകണ്ഠമായി അംഗീകാരം നൽകുന്നത് തിരുസംഘത്തിന്റെ ചരിത്രത്തിൽ വളരെ അപൂർവ്വമായ സംഭവമാണ്. 1984 ഏപ്രിൽ 7ന് പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ ചാവറപിതാവിനെ ധന്യനായി പ്രഖ്യാപിച്ചു.

ഇതെ തുടർന്ന് ദൈവദാസൻ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ നടന്ന മൂന്നൽഭുതങ്ങൾ സമർപ്പിച്ചു. അതിൽ ഒന്ന് തിരഞ്ഞെടുത്ത് പഠനവിഷയമാക്കുകയും 1985-ൽ ജന്മനാ കാൽപാദങ്ങൾ തിരിഞ്ഞിരുന്ന പെണ്ണാംപറമ്പിൽ ജോസഫ് എന്ന കുട്ടിയുടെ കാൽ ഓപ്പറേഷൻ കൂടാതെ ചാവറപിതാവിനോടുള്ള മാദ്ധ്യസ്ഥ പ്രാർത്ഥനയാൽ പെട്ടെന്ന് നേരെയായത് അത്ഭുതമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1986 ഫെബ്രുവരി 8-ന് കോട്ടയത്ത് വെച്ച് ജോൺപോൾരണ്ടാമൻ മാർപ്പാപ്പ ചാവറപിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള പഠനങ്ങളുടെ അവസാനം അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാൻ നാമനിർദ്ദേശം ചെയ്ത വിശുദ്ധരേക്കുറിച്ചുള്ള നടപടികളുടെ തിരുസംഘത്തിന്റെ തലവൻ, കർദ്ദിനാൾ പീറ്റർ പലസ്സിനി നൽകിയ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു: "ജീവിതകാലം മുഴുവൻ അനുതാപചിന്തയാൽ ഉരുകിയിരുന്ന ചാവറയച്ചൻ, മാമ്മോദിസായിൽ സ്വീകരിച്ച ദൈവ വരപ്രസാദം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിച്ചു



എന്നുപറഞ്ഞുകൊണ്ടാണ് മരണത്തെ അഭിമുഖീകരിച്ചത്. പാപബോധമില്ലാത്ത ആധുനികലോകത്തിന് അദ്ദേഹം ഒരു ചോദ്യചിഹ്നമാണ്."

ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിലൂടെ നടന്ന ഒരത്ഭുതം കൂടി തെളിയിക്കണമായിരുന്നു. പാലാ കത്തീഡ്രൽ പള്ളി ഇടവക കൊട്ടാരത്തിൽ ജോസ്, മേരി മകൾ മരിയായുടെ ജന്മനാ ഉണ്ടായിരുന്ന രണ്ടു കോങ്കണ്ണുകളും മറ്റു ചികിത്സകളൊന്നും കൂടാതെ ചാവറപിതാവിനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥനയാൽ അത്ഭുതകരമായി സുഖപ്പെട്ടതോടെ നാമകരണനടപടികൾ പൂർത്തിയാക്കുന്നതിനുള്ള തെളിവുകൾ ലഭിച്ചു. 2009 മെയ് മുതൽ നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ റോമിൽ 6 മെഡിക്കൽ ഡോക്ടർമാർ അത്ഭുതം ശാസ്ത്രത്തിനതീതമാണെന്ന് ഏകകണ്ഠമായി സ്ഥിരീകരിച്ചു. 2014 ഏപ്രിൽ 3-നു ഫ്രാൻസീസ് മാർപ്പാപ്പ ഈ അത്ഭുതം ഔദ്യോഗികമായി അംഗീകരിച്ചു. 2014 നവംബർ 23-ന് ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്യും. ഇരുപതുനൂറ്റാണ്ടു പഴക്കമുള്ള ഭാരതസഭയിലെ ആദ്യവിശുദ്ധരുടെ ഗണത്തിൽ ചാവറപിതാവും പെടുന്നു എന്നത് നമുക്ക് സന്തോഷകരമാണ്. അദ്ദേഹം വഴി നല്ല ദൈവം ധാരാളം അനുഗ്രഹങ്ങൾ ലോകത്തിനു ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

## ചാവറ പിതാവ്: ചരിത്രനിമിഷങ്ങൾ

1. ജനനം കുട്ടനാടിലെ കൈനകരിയിൽ - 1805 ഫെബ്രുവരി 10
2. മാമ്മോദിസ ചേന്നൻകരിപള്ളിയിൽ - 1805 ഫെബ്രുവരി 18
3. പരിശുദ്ധ മാതാവിന് വെച്ചൂർ പള്ളിയിൽ അടിമ വെച്ചത് - 1805 സെപ്തംബർ 8
4. പള്ളിപ്പുറം സെമിനാരിയിൽ ചേർന്നത് - 1818
5. വൈദികപട്ടം അർത്തുങ്കൽ പള്ളിയിൽ - 1829 നവംബർ 29
6. മരണം കൂനമ്മാവ് സെന്റ് ഫിലോമിനാസ് ആശ്രമത്തിൽ - 1871 ജനുവരി 3
7. സംസ്കരിച്ചത് സെന്റ് ഫിലോമിനാസ് പള്ളിയിൽ - 1871 ജനുവരി 4
8. കുനമ്മാവിൽ നിന്നും 'ഭൗതിക ശരിരം മാന്നാനം CMI മാതൃഭവനത്തിലേക്ക് മാറ്റി സംസ്കരിച്ചത് - 1889 മെയ് 24
9. നാമകരണനടപടികൾക്കുവേണ്ടി സഭാതലത്തിൽ തിരുമാനം എടുത്തത് - 1936 ഡിസംബർ 21
10. നാമകരണനടപടികൾ ആരംഭിക്കാൻ റോമിൽ നിന്നുള്ള അനുവാദം - 1955 ഡിസംബർ 9
11. മാന്നാനത്തു വെച്ച് ദൈവദാസനായി പ്രഖ്യാപിച്ചത് - 1958 ജനുവരി 3
12. റോമിൽ ധന്യനായി പ്രഖ്യാപിച്ചത് - 1984 ഏപ്രിൽ 7
13. ജോൺ പോൾ രണ്ടാമൻ മാർപാപ്പ കോട്ടയത്ത് വച്ച് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു - 1986 ഫെബ്രുവരി 8
14. സാമൂഹ്യ സേവനങ്ങളെ ആദരിച്ച് ഇൻഡ്യ ഗവണ്മെന്റ് തപാൽസ്റ്റാമ്പ് പുറപ്പെടുവിച്ചു. - 1987 ഡിസംബർ 20
15. മലയാളസാഹിത്യ സംഭാവനകളെ പരിഗണിച്ച് കേരള ഗവണ്മെന്റ്, തൃശൂർ സാഹിത്യഅക്കാദമി ഹാളിൽ അദ്ദേഹത്തിന്റെ ഫോട്ടോ അനാച്ഛാദനം ചെയ്തു - 2006 മെയ് 4
16. ആഗോളസഭയിൽ വിശുദ്ധനെന്ന പ്രഖ്യാപനം. - 2014 നവംബർ 23

## ചാവറ പിതാവ്: സംഭാവനകൾ

1. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശിയ സന്യാസസഭയുടെ (CMI) സ്ഥാപനം. - 1831
2. ഞായറാഴ്ച പ്രസംഗങ്ങളും ഇടവകധ്യാനങ്ങളും വൈദികർക്കുള്ള ധ്യാനവും നടപ്പിലാക്കി പ്രചരിപ്പിച്ചു. - 1831
3. സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതു സെമിനാരി മാന്നാനത്തു സ്ഥാപിച്ചു നടത്താൻ സഹായിച്ചു. - 1833
4. കുരിശിന്റെ വഴി'എന്ന ഭക്തിക്രമം കേരളത്തിൽ മാന്നാനത്തു നിന്നാരംഭിച്ചു. - 1838
5. സുറിയാനിക്കാരുടെ മൽപ്പാനും വൈദികരുടെ പരീക്ഷകനുമായി നിയമിതനായി - 1844
6. സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണകേന്ദ്രവും മാന്നാനത്തു സ്ഥാപിച്ചു - 1846
7. കത്തോലിക്കാസഭയിൽ ആദ്യത്തെ സംസ്കൃത സ്കൂൾ സ്ഥാപിച്ചു - 1846
8. കേരളസഭയിലെ വചനപ്രഘോഷകരായി വരാപ്പുഴ ലുദുവിക് മെത്രാൻ ചാവറയച്ചനെയും കുട്ടരെയും നിയോഗിക്കുന്നു. - 1849
9. സുറിയാനി കത്തോലിക്കരുടേതായി ആദ്യത്തെ വിശ്വാസപരിശീലനകേന്ദ്രം മാന്നാനത്താരംഭിച്ചു - 1853
10. അമലോത്ഭവമാതാവിന്റെ നാമം ആദ്യമായി സന്യാസസഭക്ക് നൽകിയത്. - 1855
11. ഇൻഡ്യയിൽ ആദ്യമായി സന്യാസ വ്രതാർപ്പണം ചെയ്ത പുരോഹിതൻ - 1855
12. എക്ളോഗുകൾ അഥവാ ഇടയനാടകങ്ങൾ എഴുതിയത് കൂനമ്മാവിൽ അവതരിപ്പിച്ചു തുടങ്ങിയത് - 1857
13. കേരളസഭയിലെ ആർച്ചുഡീക്കന്മാർക്കു ശേഷമുള്ള ആദ്യത്തെ വികാരിജനറൽ. - 1861
14. കേരളസഭയിലുണ്ടായ റോക്കോസ് ശീശ്മയെ നിർവീര്യമാക്കാൻ നേതൃത്വമെടുത്തു - 1861
15. മലയാള'ഭാഷയിലെ ആദ്യ ഖണ്ഡകാവ്യം''അനസ്താസ്യായുടെ രക്തസാക്ഷ്യം'രചിച്ചു. - 1862
16. ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം'എന്ന ആശയം വികാരി ജനറൽ ആയിരുന്നപ്പോൾ നടപ്പിലാക്കി. - 1864
17. പരിശുദ്ധ മാതാവിന്റെ മെയ്മാസ വണക്കം ആദ്യമായി കേരളത്തിൽ മാന്നാനത്താരംഭിച്ചു. - 1865
18. കുർബ്ബാനക്രമം, കാനോന നമസ്ക്കാരം, കുർബ്ബാന കലണ്ടർ,മരിച്ചവരുടെ ഓർമ്മ തുടങ്ങിയ ആരാധനക്രമ നവീകരണത്തിന് നേതൃത്വമെടുത്തു. -1862-1869
19. കേരളത്തിലെ ആദ്യത്തെ സന്യാസിനിസഭ'(CMC) ലയോപ്പോൾദ് മിഷ്യനറിയുടെസഹകരണ ത്തോടെ കൂനമ്മാവിൽ ആരംഭിച്ചു - 1866
20. പരിശുദ്ധകുർബ്ബാനയുടെ നാൽപതുമണി ആരാധന കേരളസഭയിൽ കൂനമ്മാവിൽ നിന്നാരംഭിച്ചു - 1866
21. പെൺകുട്ടികൾക്കുള്ള ആദ്യത്തെ സ്ക്കൂളും ബോർഡിംങ്ങ്ഹൗസും ലയോപ്പോൾദ് മിഷ്യനറിയുടെ സഹകരണത്തോടെ കൂനമ്മാവിൽ സ്ഥാപിച്ചു - 1868
22. ഒരു നല്ല അപ്പന്റെ ചാവരുൾ"എന്ന കുടുംബ നവീകരണക്രമം നൽകി. - 1868
23. കേരളസഭയിലെ ആദ്യ അത്മായസംഘടനയായ വിശുദ്ധ യൗസേപ്പിതാവിന്റെ 'നന്മരണസഖ്യം' കൈനകരിയിൽ സ്ഥാപിച്ചു. - 1869
24. അനാഥർക്കും അഗതികൾക്കും, വൃദ്ധർക്കുമുള്ള ആദ്യ ക്രൈസ്തവ അഗതിമന്ദിരം കൈനകരിയിൽ സ്ഥാപിച്ചു. - 1869
25. കത്തോലിക്കാസഭയിലേക്കുള്ള യാക്കോബായ പുനരൈക്യത്തിന് പ്രേരണനൽകികൊണ്ട് റോമിലേക്ക് എഴുതി - 1869
26. ആശ്രമങ്ങൾ സ്ഥാപിച്ചത്: മാന്നാനം-1831, കൂനമ്മാവ്-1857, എൽത്തുരുത്ത്-1858, വാഴക്കുളം-1859, പുളിങ്കുന്ന്-1861, അമ്പഴക്കാട്-1868, മുത്തോലി - 1870

**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.**

# Saint Kuriakose Elias Chavara

## A CHAMPION OF FAITH

During the Year of Faith, Pope Francis published his first Encyclical Lumen Fidei in order to intensify the faith that everyone receives in baptism, to face the realities of life, and to help them stand firm with the Lord. It is in this context we see the example and relevance of Blessed Chavara, a priest of the Syro-Malabar Church in India.

Fr Chavara was the Vicar General of the Syrian Christians of Kerala during the time of Vicar Apostolic Msgr Bernadine Baccinelli. He was also one of the founders of the Syrian Men TOCD in collaboration with Fr Thomas Palackal and Fr Thomas Porukara and the founder of the Women TOCD with the help of an Italian missionary Fr Leopold Beccaro OCD. He was a man who lived his faith, protected the faith of the Church and cultivated faith in the minds of many.

Born in Kainakary, in the Archdiocese of Changanacherry, on so February 1805, he was baptized eight days after his birth. After his preliminary education, at the age of 15 he entered the Seminary at Pallippuram and was taught and guided by the Malapan Fr Thomas Palackal. During his early years of seminary studies there was an epidemic in his native village in which he lost his parents and only brother. He resisted the pressure of



his uncles to leave the seminary and take care of his ancestral home. With firm faith and trust in God, he left everything behind and entrusted the care of his sister-in-law and niece to his own married sister. He returned to the seminary by acclaiming aloud: "God is my portion and my cup" (Ps 16:4).

Though very young, Chavara was strongly attracted and inspired by the austere life of his malpan Fr Palackal who aspired to monastic life. Fr Porukara, the bishop's secretary was also a zealous priest and of the same mind as Fr Palackal. The Church of Kerala in spite of receiving Christian faith in the first century itself from St Thomas the Apostle was deprived of monasteries and convents. Both of them approached Bishop Maurelius Stabilini to seek permission to lead an austere life. They received permission to establish a monastery in 1829. Chavara was ordained on 29 November 1829 and offered his first Mass with the intention, as he says in the Chronicles of Mannanam monastery: I "asked God to bless their efforts to establish the monastery at Mannanam". The fruition of the cherished dream of the fathers with the laying of the foundation stone for the monastery at Mannanam on is May 1831 marked the very important event in the history of the Church of Kerala.

The beginning of the monastery at Mannanam witnessed the hard toil of the three fathers who faced much opposition and. many tragedies on the way. Bishop Francis Xavier who succeeded Msgr Stabilini transferred Fr Chavara to a south Pallippuram parish which was far from Mannanam. Thus he could not concentrate fully on the construction of the monastery. Moreover, the fathers, Palackal and Porukara, who were like two hands to Fr Chavara, died respectively in 1841 and 1846. This was a great blow to Fr Chavara. Yet he continued with firm trust in the heavenly Father whom he addressed asAppa (Abba). He wrote in his Colloquies as follows: "Oh my Appa (My Father)! My heart however tells me to call you by no other name than my Appa". Such was his deep relation with his heavenly Father. After the death of the Reverend Fathers, the whole burden of the construction of the monastery fell on Fr Chavara.

In spite of his busy schedule as a parish priest, retreat preacher, teacher of the seminarians he could complete the construction of the monastery. Together with some' fathers and seminarians he started gradually an austere and pious life in the monastery. On 8 December 1855 he made his religious profession canonically and the other 10 priests made their profession.

Fr Chavara's trust in the Lord enabled him to take up new ventures. He opened a Sanskrit school for children in 1846 and admitted everyone, irrespective of caste and creed. It was the first public school in Kerala. Thanks to the generosity of those around him, he acquired a field for cultivating paddy (rice fields) in order to provide a midday meal for the poor children in view of encouraging them to come to school. It was a very challenging and innovative



attempt and was unheard of till then in the history of Kerala. He provided the study materials, clothes etc. for the children. He did all this "out of nothing" depending only on the treasures of the heavenly Father who is the creator and provider of all. Another significant endeavour was the establishment of the first Catholic press in Kerala. The hardships he took for it were tremendous. The non-cooperation he encountered from certain people didn't deter him and he went ahead holding the very powerful hands of God. He was successful in his effort to establish the first

Catholic press of Kerala at Mannanam.

Fr Chavara yearned for the establishment of a convent for women after the construction of the first monastery at Mannanam. He writes in the Chronicles of Koonammavu Convent "...for those women who desired to live a chaste life had no way to embrace such a life-style". He hoped and prayed unceasingly to God who hearkened and answered his prayer. At the request of the Bishop, Fr Chavara, was staying with the provincial delegate Fr Leopold at Koonammavu monastery. Divine Providence brought them together. Fr Leopold happened to meet a widow called Eliswa and her daughter Anna at the Confessional, who were willing to lead a chaste life. They entrusted themselves to the parish priest, Fr Leopold. He consulted Fr Chavara who was the most experienced religious in the land of Kerala and the prior of all the five monasteries of Syrian men, as how to help the women to lead a chaste life. Fr Chavara, happily offered his whole-hearted cooperation for providing a convent for such women. As the Vicar General, Fr Chavara from his visit to parishes found women like Eliswa Puthengady, Vaikom who desired the same way of life. Fr Chavara and Fr Leopold moved with one mind to find the means for constructing a convent. And soon they were able to start construction of a small bamboo-mat convent in the land of Anna, the daughter of Eliswa, a land with a considerable debt which was cleared by the Fathers. Fr Chavara collected funds from different parishes and persons with the help of Fr Leopold and finally constructed a two storied convent building with a boarding and a residential school in a new plot within a year.

Fr Chavara was a man of contemplation and action. One can imbibe his deep spirituality from his own writings like theCompunction of the Soul, Letters and Colloquies. His deep spirituality can be summarized in the following words: "Abide in the love of Jesus Christ; always sit before his face; walk along with him; converse with him unceasingly". His union with God was total submission to his will. Like a child he entrusted himself to the providence God.

When we delve deep into the very life of Blessed Chavara we sec that he was a man of deep faith in God as well as in people. He could approach God as his Father so the people as his children, hence, his brethren. This vision of universal fatherhood and brotherhood enabled him to 'initiate and continue many unheard of endeavors for the benefit of the human beings.

Yes, he was the light of the Kerala Church and the mirror that radiated the rays of faith. As he himself testified before his death, that "the devotion to the Holy Family inculcated in me by my parents helped me to keep safe the grace that I received in baptism". This is the testimony of a true man who lived the faith in its fullness.

## Blessed Chavara: A Heroic Model in Spirituality

The Church in India has entered into the 200th Birth anniversary celebrations of one of its greatest stalwarts in its history. That great soul of our Country is Blessed Kuriakose Elias Chavara. He was an ecclesial leader unparalleled and unique in the Indian Church history on account of his intense love for the Church and the initiatives he took for its integral growth. His pioneering contribution to the Church was in the most important area of its spiritual renewal.

He is widely acclaimed as a great visionary who took several concrete steps in order to impart spiritual vitality to the 19-century old Church in India. He was also a great reformer and defender of the faith. He was aware of the crisis his particular Church was deeply immersed in since three centuries. The confusion and unrest caused by the arrival and interference of the Portuguese in the affairs of the local Church was immense. Certain decisions of the Synod of Diamper inflicted a traumatic experience among the St. Thomas Christians. There followed a centuries-long turmoil, divisions and disunity. Consequently, the main pre-occupation of the local Church was the restoration of the ecclesiastical identity and autonomy. All those struggles caused a serious and radical divergence and sidetracking of

the real issue, namely, the spiritual growth of the people. On the one hand the struggle for the restoration of the ecclesiastical structure was on the boiling point, while on the other hand, the inner spiritual craving for a genuine ecclesial and sacramental life was facing a lamentable decline.

This was the background and the reason for the young Chavara to visualize a radical spiritual renewal of the Church. With a prophetic vision, Chavara dived deep into the multifarious and deep-seated problems and recognized the real blocks which strangled the genuine spiritual growth of the people of his period and region. Like an expert doctor, Blessed Chavara was able to make a diagnosis of those ills and limitations with their root causes. He gave the Church a prophetic and courageous leadership at a decisive time of its existence and brought it to the track of spiritual dynamism and vitality over and above all other considerations.

## A great dream of his Seminary days

The most fundamental question that captivated, gripped and strained the young mind of Chavara even during his Seminary days was how to bring his 19-century old Church to spiritual vitality and dynamism. According to him, the spiritual revival of his Church occupied the greatest and paramount importance. He studied meticulously the history of his Church steeped in constant turmoil. Simultaneously, he learned from his teachers in the Pallipuram Seminary, especially from his Rector Fr. Thomas Palackal, the stories of great saints and spiritual stalwarts who brought about spiritual vitality and vibrancy in the global Church. The lives of those Saints fascinated him. Their teachings inspired him to do something beautiful for his Church in this Country too. Chavara firmly believed that a Particular Church could be considered vibrant only in so far as and as long as it has been capable to produce stalwarts of spirituality, namely, Saints. The vitality of a Church community can be judged by the criterion of its commitment to a genuine spiritual vision, a congenial spiritual atmosphere, and a consequent spiritual growth of its members. This basic vision finds realization in the emergence of at least a few heroic models of Christian discipleship from that community. Chavara had learned that the saints are those charismatic leaders of the Church who practiced virtues heroically. They are the most genuine and radical followers of Jesus and of his Gospel values. Officially recognized by the universal Church, they stand out before the world as powerful symbols of the spiritual vitality of a particular Church.

Chavara was also introduced to the stories of Religious Congregations which existed in the global Church and how actively they defended the faith, made the sacramental life of the faithful vibrant and imparted spiritual vitality to the particular Church. He also noticed that most of the Saints hailed from Religious Congregations. He studied thoroughly how those religious leaders reformed, defended and protected the mother Church, especially when divisions plunged the Church into deep crisis during the protestant revolution four centuries ago in the western hemisphere.

The young Chavara used to lament that his Church, which was as old as Christianity itself with a long history of almost two millennia, was unable to produce even a single saint. Why this spiritual infertility? How can we bring about a substantial change in this situation? Is heroic practice of virtues and personal sanctification as well as religious life and asceticism possible only to the believers beyond the seven seas and out of reach for our Christian community in this ancient land of spirituality and

According to him, the spiritual revival of his Church occupied the greatest and paramount importance. He studied meticulously the history of his Church steeped in constant turmoil.

God-experience?

Having been deeply moved and taken up by the above thoughts, the young Seminarian Chavara made a firm determination to bring his vision to realization, from the day one of his priestly life. The intention of his First Mass on Sunday, 29th November 1829 was that our land may receive from God a special grace for the starting of an indigenous Religious Congregation, in view of the reformation of the Church. Our land witnessed the realization of that great dream by the trio of the founding of religious life in the Indian Church. Those trios were Fr. Thomas Palackal, Fr. Thomas Porukara and Fr. Kuriakose Chavara, three diocesan priests belonging to the ancient Church of the St. Thomas Christians. That great event of the foundation of the first Religious House took place on the Mannanam hills on 11th May 1831. Fr. Chavara was a young priest of only 24 years at that time. During those decades, there was only one Bishop in Kerala, the Bishop of Verapoly. Despite his ill health, he was present there for that function. 50 Parish Priests, i.e., almost all the pastors at that time, irrespective of their Rites, participated in that foundation ceremony. It shows how enthusiastically the Church accepted and encouraged the inception of religious life in our land.

## A Religious Congregation by the Church and for the Church

The newly established Religious Congregation, presently known as the CMIs, was totally dedicated to the spiritual renewal of the Church. From the very beginning, its members were earnestly engaged in various pastoral activities related to the faith formation of our people. The first spiritual endeavour they initiated was retreat preaching. They visited all the parish Churches, both Syrian and Latin, from south to north of Kerala and preached retreats for the benefit of the faithful. They used to go in groups of three or four priests. They stayed in those parishes for four days. During those days, they used to visit all the families. Wherever there existed any type of disunity, mutual hatred or any spiritual or moral disintegration, these priests would bring them back to the right path. The preaching of these Fathers as well as their family apostolate brought about a radical renewal in those parishes. The Parish Priests and the people were longing for their arrival earnestly. Through their presence, people were moved to repentance and reconciliation. Their sacramental life was revitalized. It became a custom that the Bishop used to request these Fathers to have their retreat conducted in all the parishes as an immediate spiritual preparation for making his canonical visitation.

People called these Fathers darsana pattakkar, namely, priests of God-experience. And that typically spiritual dimension of their new movement was the identity and secret of their success. Fr. Chavara and other leaders of this religious Congregation were very particular that all the external activities of their members must emerge from their asceticism and basic prayer experience. The name they gave the first religious House at Mannanam was darsana veedu, i.e., house of God-



experience. Within a short time, the Church realized that the ultimate goal of all the activities of this Congregation was the spiritual renewal of the Church, and all their energy emerged from their own fundamental vision of personal sanctification. As a result, their lives became down to earth spiritual and people-oriented. They loved the Church and the Church loved them too.

## Envisioning a radical programme

When Fr. Chavara and the other founding Fathers travelled through all the parishes and met with the people, they came to the realization that the real follow up of the renewal initiated would depend upon the proper and systematic training of pastors who are to be the leaders of the Church. For this leadership, there arises the need of a systematic seminary formation. The Priests should be holy, efficient and well trained. They should possess human and divine qualities. This required the starting of a formal Seminary for the whole Church in Kerala.

Fr. Chavara and the other founding Fathers launched their daring step in this regard in 1833 itself. The Bishop entrusted this great task to them by giving them the title 'Professors' or Malpans. There was a time when about 150 Seminarians were trained in the Mannanam Seminary at a time during those years. The priests who were trained in Mannanam were in the forefront when Blessed Chavara gave the leadership to fight successfully against the Roccos schism which affected the local Church in the year 1861. It was specifically on that occasion and in view of making a concerted effort to fight against the schismatic movement that Fr. Chavara was appointed Vicar General of the whole Syrian community. And the common Seminary, established in Mannanam, continued there till 1894, until it was transferred to Puthenpally. Later it was transferred to Alwaye in 1932.

During those times, the celebration of the Holy Mass and the Canonical Prayers were not well organized. Blessed Chavara realized how important

> The newly established Religious Congregation, presently known as the CMIs, was totally dedicated to the spiritual renewal of the Church. From the very beginning, its members were earnestly engaged in various pastoral activities related to the faith formation of our people.

it is for the sanctification of priests. In 1862, he prepared a complete manuscript of the Syriac Breviary. In 1865, he prepared and printed the first liturgical calendar of the Syro-Malabar Church. In the same year, he prepared the text of the funeral services in Syriac. In 1868, he prepared and printed the Thukkasa, the rituals for the elegant and devout celebration of the Holy Mass. These innovations helped the priests to grow in sanctity. Blessed Chavara believed that the spiritual growth of the faithful, to a large extent, depends on the personal sanctity of their priests. Fr. Bernard , who wrote the first history of the CMI Congregation in the year 1908, writes: " Our founding Fathers knew that the spiritual growth of the people would depend upon the sanctity of the priests. Just as our people are reformed through spiritual retreats, Confessions and exhortations, the scholastics in the seminary also should be trained to transform all their daily activities into moments of virtues". (CMI Congregation in the First Decades, Fr. Bernard, 1908, p. 128).

## Emergence of a new spiritual enthusiasm

The great spiritual contributions Fr. Chavara and his associates introduced in the local Church were the following: First of all, the mode of ascetical life they initiated on the hillock of Mannanam became a beacon light of intense prayer and asceticism. Diocesan Priests as well as people from far and wide



flocked to that mother house of Indian Samnyasa. The prayer life and asceticism of those fathers not only made their own lives luminous, but also they imparted extraordinary spiritual experience to the people who frequented there, an experience they were earnestly craving for.

Blessed Chavara and his associates popularized a great devotional practice called the Way of the Cross. They fixed 14 Crosses from the bottom of the hill to the top. Ascending the hill, meditating on the sufferings of Jesus, the Mannanam Fathers, led the people to great heights of repentance and transformation of life. It was a regular and solemn celebration which became very popular, and it remains popular even today, everywhere in the Church. Fr. Bernard describes an incident: "Our Fathers conducted a retreat in the main Church at Changanacherry. 5000 people participated in that retreat. On the last day of the retreat they led a big procession through the main road. A huge Crucifix was carried in front. On various stations, our fathers delivered speeches on the sufferings of Jesus. Moved by intense sorrow and repentance, people screamed loudly and shed tears. That was a rare spiritual experience for the people of that entire locality." (CMI Congregation in the First Decades, Fr. Bernard, 1908, p. 131).

